2017
ഡിസംബർ
www.padayali.com

പടയാളി ന്യൂസ്
PADAYALI NEWS

Volume : 1 Issue : 8 | Email: padayalinews@gmail.com | Facebook: www.facebook.com/padayalinews | For Private Circulation Only

മതപരിവർത്തനം ആരോപണം

പള്ളി അടിച്ചു തകർത്തു

തിരുവനന്തപുരം: മതപരിവർത്തനം നടത്തിയെന്നാരോപിച്ച് അംബൂരിയിൽ കൂട്ടമലയിലെ സി.എസ്.ഐ സഭക്ക് കീഴിൽ വരുന്ന എച്ച്. എം.എസ് ദേവാലയം കഴിഞ്ഞ ദിവസം സാമൂഹിക വിരുദ്ധർ അടിച്ചുതകർത്തു.

വ്യാഴാഴ്ച മതപരിവർത്തനം എന്ന് ആരോപിച്ച് ഈ പള്ളിയിലെ പുരോഹിതൻ ലോറൻസിന് പള്ളിയ്ക്ക് സമീപം വച്ച് മർദ്ദനമേറ്റിരുന്നു.

പള്ളിക്കകത്ത് സ്ഥാപിച്ചിരുന്ന സാമഗ്രികളും അലമാരയും മറ്റും അക്രമികൾ അടിച്ചു തകർത്തു. സംഭവത്തിന് പിന്നിൽ ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല.

ഹിന്ദുമതവിശ്വാസിയായ ഒരു കുട്ടിയുടെ കുടുംബം അടുത്തിടെ ക്രിസ്തുമതം സ്വീകരിച്ചിരുന്നു.

ഇതാണോ ആക്രമണത്തിന് കാരണമെന്ന് സംശയിക്കുന്നതായി പൊലിസ് പറഞ്ഞു.

ഐ പി സി 94–ാമത് ജനറൽ കൺവൻഷൻ

കുമ്പനാട്: 94–ാമത് കുമ്പനാട് കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ നടക്കും.

ഇന്ത്യയിലെ മുഖ്യധാര പെന്തക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ അന്തർദേശീയ കൺവൻഷൻ അടുക്കുമ്പോൾ കേരളവും കുമ്പനാടും മാത്രമല്ല ഇതര പെന്തക്കോസ്ത് സഭാ വിഭാഗങ്ങളിലുമുള്ള വിശ്വാസികളുടെയും കൂടിയ കൺവൻഷൻ സംഗമം കൂടിയാണ് ഈ കൺവൻഷൻ.

2018 ജനുവരി 14 ന് ഞായറാഴ്ച പാസ്റ്റർ. ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

പരിശുദ്ധാത്മാവിന്റെയും ശക്തിയുടെയും അഭിഷേകം' എന്നതാണ് കൺവൻഷന്റെ പ്രധാന ചിന്താ വിഷയം.

ദിവസവും രാവിലെ 5ന് മദ്ധ്യസ്ഥപ്രാർത്ഥനയും, വൈകിട്ട് 6ന് സുവിശേഷയോഗവും നടക്കും. 16 ചൊവ്വ രാവിലെ 10 ന് ഹെബ്രോൻ ബൈബിൾ കോളേജ് പി.ജി ഗ്രാഡുവേഷൻ.

18 വ്യാഴം ഉച്ചയ്ക്ക് 2 ന് സോദരീസമാജം വാർഷിക സമ്മേളനം, 19 വെള്ളി ഉച്ചയ്ക്ക് 2ന് മിഷണറി മീറ്റിംഗ്, 20 ന് ശനി രാവിലെ 8ന് സ്നാന ശുശ്രൂഷ, ഉച്ചയ്ക്ക് 2ന് പി.വൈ.പി.എ, സണ്ടേസ്കൂൾ വാർഷിക സമ്മേളനം എന്നിവയാണ് പ്രധാന യോഗങ്ങൾ.

ജനുവരി 21 ഞായർ രാവിലെ എട്ടിന് നടക്കുന്ന സംയുക്ത സഭായോഗത്തോടും തിരുമേശ ശുശ്രൂഷയോടും കൂടെ കൺവൻഷൻ പര്യവസാനിക്കും.

ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ വിത്സൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് പിലിപ്പ്, ട്രഷറാർ സജി പോൾ എന്നിവർ എക്സിക്യൂട്ടീവായി ഐ.പി.സിയ്ക്ക് ശക്തമായ നേതൃത്വം നൽകുന്നു.

പബ്ലിക്കേഷൻ ബോർഡ് കൺവീനറായി എം. വി. ഫിലിപ്പ്, ജോയിന്റ് കൺവീനറായി ബ്രദർ കുര്യൻ ജോസഫും പ്രവർത്തിക്കുന്നു.

ഓഖി ദുരന്തം: ഒരു മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കൂടി കണ്ടെത്തി; മരണസംഖ്യ 72 ആയി

തിരുവനന്തപുരം: ഓഖി ദുരന്തത്തിൽ കേരളത്തിൽ നിന്ന് കാണാതായവർ 300 പേരെന്ന് സർക്കാരിന്റെ ഔദ്യോഗിക കണക്കുകൾ. പൊലീസ്, ഫിഷറിസ്, ദുരന്ത നിവാരണ വകുപ്പുകളാണ് പുതിയ കണക്കുകൾ പുറത്ത് വിട്ടത്.

തിരുവനന്തപുരത്ത് നിന്ന് 255 പേരെ കാണാതായിട്ടുണ്ട്. കൊച്ചിയിൽ നിന്ന് 32 പേരും, കൊല്ലത്ത് നിന്ന് 13 പേരുമാണ് കാണാതായത്. ഇതോടൊപ്പം 40 മൃതദേഹങ്ങൾ തിരിച്ചറിയാനുമുണ്ട്.

അതേസമയം കേരളത്തിനും തമിഴ്നാടിനും ലക്ഷദ്വീപിനും കേന്ദ്രസർക്കാർ 325 കോടിയുടെ അടിയന്തര ധനസഹായം പ്രഖ്യാപിച്ചു. ഇവിടങ്ങളിൽ ചൊവ്വാഴ്ച സന്ദർശനം നടത്തിയശേഷം പ്രധാന മന്ത്രി നരേന്ദ്ര മോദിയാണ് സഹായം പ്രഖ്യാപിച്ചത്.

ഓഖി ചുഴലിക്കാറ്റിൽ കാണാതായ ഒരു മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കൂടി കോഴിക്കോട് തീരത്തു നിന്ന് കണ്ടെത്തി. ഇതോടെ ഓഖി ദുരന്തത്തിൽ പെട്ടു മരണമടഞ്ഞവരുടെ എണ്ണം 71 ആയി. കോഴിക്കോട് വടകര ചോമ്ബാല ഉൾക്കടലിൽ നിന്നും മത്സ്യത്തൊഴിലാളികളാണ് മൃതദേഹം കണ്ടെത്തിയത്. ഓഖി ദുരന്തം സംഭവിച്ച് 18 ദിവസങ്ങൾ പിന്നിട്ടപ്പോൾ തിരച്ചിൽ ഗോവൻ തീരത്തേക്ക് കൂടി വ്യാപിപ്പിക്കുകയാണ്.

ദുരന്തമുണ്ടായി രണ്ടാഴ്ച പിന്നിട്ടിട്ടും കാണാതായവരുടെ കണക്കുകളിലെ അവ്യക്തത തുടരുകയാണ്. ചെറുവള്ളങ്ങളിൽ പോയി കാണാതായ മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നു. പുറമെ അനവധി വലിയ ബോട്ടുകളും അപകടത്തിൽപെട്ടിട്ടുണ്ട്.

177 പേരെ കണ്ടെത്താനുണ്ടെന്ന് കാട്ടി പൊലീസ് എഫ്.ഐ.ആർ തയാറാക്കിയപ്പോൾ, ഇനി കണ്ടെത്താനുള്ളത് 105 പേരെ മാത്രമാണെന്നാണ് റവന്യൂ വകുപ്പിൻെറ കണക്ക്. വിവിധ സ്റ്റേഷനുകളിൽനിന്ന് മരിച്ചവരുടെയും കാണാതായവരുടെയും വിവരം ശേഖരിച്ചാണ് കഴിഞ്ഞ ദിവസം പൊലീസ് പുതിയ കണക്ക് തയാറാക്കിയത്.

ഫിഷറീസ് വകുപ്പിൻെറ കണക്കനുസരിച്ച് ചെറുബോട്ടുകളിൽ പോയ 94 പേരെയും താങ്ങൽ വള്ളങ്ങളിൽ പോയ 13 പേരെയും വലിയ ബോട്ടുകളിൽ പോയ 29 പേരെയും കണ്ടെത്തിയിട്ടില്ല. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കണക്കനുസരിച്ച് ജില്ലയിൽനിന്ന് 256 മത്സ്യത്തൊഴിലാളികളെയാണ് കാണാനുള്ളത്. ഇതിൽ 94 പേർ നാട്ടിൽനിന്നും 147 മത്സ്യത്തൊഴിലാളികൾ മറ്റ് പല സ്ഥലങ്ങളിൽനിന്നും മത്സ്യബന്ധനത്തിന് പോയവരാണ്.

വീട്ടുകാരെ കെട്ടിയിട്ട് മർദ്ദിച്ച് 55 പവൻ കവർന്നു

തൃപ്പൂണിത്തുറ: വായിൽ തുണി തിരുകി വീട്ടിലുള്ളവരെ കെട്ടിയിട്ട് മർദ്ദിച്ച് 55 പവൻ സ്വർണവും 20,000 രൂപയും കവർന്നു. എറണാകുളം തൃപ്പൂണിത്തുറ എസ് എംപി കോളനി റോഡിൽ നന്നപ്പിള്ളി ആനന്ദകുമാറിന്റെ വീട്ടിൽ ഇന്നലെ പുലർച്ചെയായിരുന്നു നാടിനെ നടുക്കിയ മോഷണം.

പതിനഞ്ചോളം ബംഗാളികളാണ് കവർച്ചാ സംഘത്തിലുണ്ടായിരുന്നതെന്ന് പോലീസ് പറഞ്ഞു. വില കൂടിയ മൊബൈൽ ഫോണുകളും എടിഎം കാർഡുകളും മോഷ്ടിച്ചു. ഓടിക്കൂടിയ നാട്ടുകാർ അവശരായ വീട്ടുകാരെ കെട്ടഴിച്ച് ആശുപത്രിയിലെത്തിച്ചു. കവർച്ച നടന്ന സമയം ആനന്ദകുമാർ (49), ഭാര്യ ഷാരി (46), ആനന്ദകുമാറിന്റെ അമ്മ സ്വർണമ്മ (72), മക്കൾ ദീപക്, രൂപക് എന്നിവർ വീട്ടിലുണ്ടായിരുന്നു.

തുണി കൊണ്ട് മുഖം മറച്ചെത്തിയ മോഷ്ടാക്കൾ ഇരുനില വീടിന്റെ മുൻവശത്തെ ജനൽ കമ്പികൾ പൊളിച്ചു മാറ്റിയാണ് അകത്തു കടന്നത്. വീട്ടുകാർ ബഹളം വച്ചപ്പോൾ ഇവരെ വിറകിനും കമ്ബിവടിക്കും മർദ്ദിച്ച് അവശരാക്കി.

പിന്നീട്, കൈകൾ പിന്നിലേക്ക് കൂട്ടിക്കെട്ടി വായിൽ തുണി തിരുകി മുറികളിൽ പൂട്ടിയിട്ടു. ഷാരിയെ ബാത്ത് റൂമിൽ പൂട്ടിയിട്ട നിലയിലായിരുന്നു.

മുകൾ നിലയിലെ മുറിയിൽ പൂട്ടിയിട്ടിരുന്ന രൂപക്, സ്വയം കെട്ടഴിച്ച് ഒച്ചവച്ചതിനെത്തുടർന്നാണ് പരിസരവാസികൾ എത്തിയത്. തലയ്ക്കും വാരിയെല്ലിനും ഗുരുതരമായി പരിക്കേറ്റ ആനന്ദകുമാർ തൃപ്പൂണിത്തുറയിലെ സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിലാണ്. തലയിൽ എട്ടു തുന്നിക്കെട്ടുകൾ ഉണ്ട്. ഡോഗ് സ്ക്വാഡും ഫൊറൻസിക് വിദഗ്ധരും സംഭവ സ്ഥലത്തെത്തി പരിശോധന നടത്തി. റെയിൽവേ ട്രാക്കിന് സമീപത്താണ് വീട്. ട്രെയിനിലാണ് സംഘം എത്തിയതെന്നാണ് സൂചന.

എറണാകുളം പുല്ലേപ്പടിയിൽ കഴിഞ്ഞ ദിവസം നടന്നതിന് സമാനമായ മോഷണമാണ് തൃപ്പൂണിത്തുറയിലേത്. കൊച്ചി റേഞ്ച് ഐജി പി. വിജയൻ, സിറ്റി പോലീസ് കമ്മീഷണർ എം.പി. ദിനേശ്, എസിപി ലാൽജി, തൃപ്പൂണിത്തുറ എസ്.ഐ.എസ്. സനിൽ എന്നിവരുടെ നേതൃത്വത്തിൽ ഉന്നത പോലീസ് സംഘം സ്ഥലത്തെത്തി.

ദുരുപദേശവുമായി ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ ചരിത്രമായി

കോട്ടയം: പ്രതീഷിച്ചതു പോലെ തന്നെ രവി മണിയും അനിസനും ഐ.പി.സി. കേരളാ സ്റ്റേറ്റ് കൺവൻഷനിൽ ദുരുപദേശം വിതറി. പിതാക്കന്മാരുടെ പാപവും ശാപവും മാറാൻ വേണ്ടി രവിയുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി.

യേശു ക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ മാറാത്ത ഏതു ശാപം മാറ്റാനാണ് ഇനി നാം പ്രാർത്ഥിക്കേണ്ടത്?

മരിച്ചു പോയവരുടെ പാപത്തിനു വേണ്ടി പ്രാർത്ഥിക്കാനും ഒത്തിരി പേർ മുൻപോട്ടു വന്നപ്പോൾ പെന്തക്കോസ്തുകാരുടെ ഉപദേശ അജ്ഞത വെളിപ്പെട്ടു.

ബുധനാഴ്ച രാത്രി അനിസൻ കോട്ടയത്തിന്റെ ശാപം വീണ്ടും പൊട്ടിച്ചു. തങ്കുവിന് ഇതുവരെ കഴിയാഞ്ഞത് അനിസൻ സാധിച്ചു' കേരളത്തിനു മുകളിലുള്ള പിശാചുക്കളെ അദ്ദേഹം ഓടിച്ചു. ഏത് ഭോഷ്ക്കും വേദിയിൽ പറയാൻ മടിയില്ലാത്ത അനിസൻ യോഗത്തിൽ വ്യാപരിച്ചത് ഏതാത്മാവാണെന്ന് തിരിച്ചറിയാത്ത നേതാക്കളെയും ജനത്തെയും ഓർത്ത് കരയാം.

തനിക്ക് സോഷ്യൽ മീഡിയാ ഇല്ലെന്ന് വേദിയിൽ പറഞ്ഞത് ഭോഷ്കാണ്. മുഖപുസ്തകം അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. ഇതൊന്നും തിരുത്താൻ തയ്യാറാവാത്ത നേതാക്കന്മാരെ അടുത്ത തെരഞ്ഞെടുപ്പിൽ ജനം തിരുത്തട്ടെ.

ഹൈപ്പർ ഗ്രേസും, സമർദ്ധിയുടെ സുവിശേഷവും തെറ്റാണെന്ന് പാസ്റ്റർ. ഡി. മോഹൻ ശുശ്രൂഷകാസമ്മേളനത്തിൽ പറഞ്ഞത് ആശ്വാസമായി .

പതിനായിരങ്ങൾ ഒഴുകുമെന്നു പറഞ്ഞ യോഗത്തിൽ 4000 പേരാണു ഒരു ദിവസം വന്നത് .

നിലമ്പൂരിൽ പൂവക്കാലാ നടത്തിയ വ്യാജ പ്രചനത്തെക്കുറിച്ച് പലരും ചോദിച്ചു.

കഴിഞ്ഞ അഞ്ച് വർഷവും സെക്രട്ടറി ഒതുക്കിയതിനാൽ തനിക്ക് ഷൈൻ ചെയ്യാൻ സാധിക്കാത്തതു കൊണ്ടാണ് പ്രവചിച്ചു നോക്കിയതെന്ന് സമ്മതിച്ചു.

തിരുവിതാംകൂറിൽ ഇനിയും സ്റ്റേറ്റ് കണവൻഷൻ നടത്തുവാൻ പാടില്ലെന്നും ദുരുപദേശകരെ വിളിക്കരുതെന്നും ജനറൽ കൗൺസിൽ തീരുമാനിച്ചു.

നേർരേഖ സംവാദം പുത്തൻകാവിൽ

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ യുവജനപ്രസ്ഥാനമായ വൈ.പി.ഇ.യുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ക്യാമ്പിനോടനുബന്ധിച്ച് ഡിസം 26 ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് പുത്തൻകാവ് എസ്. ബി.എസ് ആഡിറ്റോറിയത്തിൽ നേർരേഖ എന്ന പേരിൽ സംവാദം സംഘടിപ്പിക്കുന്നു. ഒരു പെന്തക്കോസ്ത് യുവജന പ്രസ്ഥാനം ഇത്രയും വിപുലമായ രീതിയിൽ യുവജന പങ്കാളിത്തത്തോടെ ചർച്ച സംഘടിപ്പിക്കുന്നത് കേരളത്തിലാദ്യമായാണ്. ആധുനിക തലമുറ നേരിടുന്ന നിരവധി സംശയങ്ങൾക്കുള്ള കൃത്യമായ മറുപടിയാണ് നേർരേഖയിലൂടെ നൽകുന്നത്. ലക്ഷ്യത്തിലേക്ക് എന്നർത്ഥത്തിലുള്ള ടു വേർഡ്സ് ദ് എയിം (Towards the aim)എന്നതാണ് ചർച്ചയുടെ ചിന്താവിഷയം.

ക്രൈസ്തവ പ്രഭാഷകനും സാഹിത്യകാരനുമായ പാ.ജെയ്സ് പാണ്ടനാട് മോഡറേറ്ററാകുന്ന സംവാദത്തിൽ പെന്തക്കോസ്ത് ലോകത്തിലെ പ്രമുഖ വേദചിന്തകരായ പാ. ഷൈജു തോമസ് ഞാറക്കൽ, പാ. ഷിബു കെ.മാത്യു, പാ. ജോൺസൺ ഡാനിയേൽ, പാ. സാം ഇളമ്പൽ, ഇവാ. ജിബിൻ പൂവക്കാല തുടങ്ങിയവർ പുതിയ തലമുറയുടെ നിരവധി സംശയങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകും. യുവജനങ്ങളുടെ ചോദ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഡിസം: 24 വൈ.പി.ഇ. പ്രസിഡണ്ട് പാ. എ.റ്റി. ജോസഫ്, സെക്രട്ടറി ഷിബു ബേബി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും. വൈ.പി.ഇ. മീഡിയ കൺവിനറും ക്രൈസ്തവ പത്ര പ്രവർത്തകനുമായ ബ്ലസിൻ ജോൺ മലയിലിനാണ് നേർരേഖയുടെ മുഖ്യചുമതല. നേർരേഖയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വാട്ട് സാപ്പിൽ ബന്ധപ്പെടുക: 9961754528

EDITORIAL

ഐപിസി നേതൃത്വം വിശ്വാസ സമൂഹത്തോടും ശുശ്രൂഷകരോടും പ്രതിബദ്ധത ഉള്ളവരാകുക

ഉയർന്നുവരുന്ന പീഡനങ്ങളെയും ഭീഷണിപ്പെടുത്തലുകളെയും പെന്തക്കോസ്തുകാർ നിയമപരമായി ജനാധിപത്യ രീതികളിൽ നേരിടുവാൻ മനസൊരുക്കം ഇല്ലെങ്കിൽ നേതൃത്വം തങ്ങളുടെ അണികളെയും പാസ്റ്റേഴ്സിനും സമാധാനത്തോടെ ആരാധിക്കാനുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കേണ്ടിയിരിക്കുന്നു. ഭരണഘടനാപരമായ അവകാശങ്ങൾ വിശ്വാസസമൂഹത്തിന് നേടിക്കൊടുക്കേണ്ടത് സഭാനേതൃത്വത്തിന്റെ ഉത്തരവാദിത്വമാണ്. അത് കണ്ടില്ല എന്ന് നടിക്കുന്നത് തികച്ചും ഖേദകരം ആണ്.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങൾക്കിടയിൽ ഇതുവരെയും ഉണ്ടാകാത്തതുപോലെ, ഇന്ത്യയിലെ ന്യൂനപക്ഷമായ ക്രൈസ്തവർക്കെതിരെ സമീപകാലങ്ങളിൽ എതിർപ്പുകളും പീഡനങ്ങളും വർധിച്ചു വരുന്നത് വളരെ ആശങ്കാജനകമാണ്.

പാസ്റ്ററുമാർ, സുവിശേഷപ്രവർത്തകർ, ക്രിസ്തീയ ആരാധനാലയങ്ങൾ, എന്നിവയ്ക്കുനേരെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും സംഘടിതവും മനഃപൂർവ്വവുമായ ആക്രമണങ്ങൾ നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ഭാരതത്തിലെ ന്യൂനപക്ഷങ്ങളെ ഒന്നടങ്കം നിർമ്മൂലമാക്കുക എന്ന രഹസ്യ അജണ്ടയുടെ പ്രത്യക്ഷവും പരോക്ഷവുമായ മുന്നറിയിപ്പുകളും സൂചനകളുമാണ് ഇത്തരം ആക്രമണങ്ങൾ നമ്മുടെ മുമ്പിൽ കാണിച്ചുതരുന്നത്. ക്രിസ്ത്യാനിത്വം എന്നത് മതപരിവർത്തന ശ്രമങ്ങളുടെ ഗൂഢമായ അജണ്ട എന്ന് മുദ്രകുത്തി ക്രൈസ്തവ പാരമ്പര്യത്തെ അവഹേളിക്കുന്ന നിലപാട് മതേതരത്വ ഭാരതസംസ്കാരത്തിന് തീരാകളങ്കമാണ്.

നൂറ്റാണ്ടുകളായി മതനിരപേക്ഷത മഹത്തരമായി കരുതിപ്പോരുന്ന നമ്മുടെ ജനാധിപത്യ സംസ്കൃതിയിൽ ഏതൊരു പൗരന്റെയും മതരാഷ്ട്രീയ താൽപര്യങ്ങൾക്കുമേലുള്ള കടന്നുകയറ്റം ആണ് എന്നാൽ ഇത് രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാണ്. അത്തരം കടന്നാക്രമണങ്ങളെ നഖശിഖാന്തം നിയമപരമായി പ്രതിരോധിക്കേണ്ടതുണ്ട്.

ക്രൈസ്തവ ന്യൂനപക്ഷത്തിന് സാമ്പത്തികവും സാമൂഹികവും മതപരവും വ്യക്തിപരവുമായ നിരവധി വെല്ലുവിളികൾ നേരിടേണ്ടി വരുമെന്ന് ഉറപ്പുള്ള സ്ഥിതിക്ക് ഇൻഡ്യാ പെന്തക്കൊസ്തു സഭക്ക് ഇവയെ ശക്തമായി പ്രാർത്ഥനയാലും ഉപവാസത്താലും നേരിടുമ്പോൾത്തന്നെ ഇത്തരത്തിൽ പീഢയേൽക്കുന്ന ഐപിസി ദൈവദാസന്മാരുടെകാര്യത്തിൽ ശ്രദ്ധാലുക്കൾ ആകേണ്ടിയവർ ആണ് അത് പലപ്പോഴും മറന്നതായി അറിയാത്തവരെപോലെ നടിക്കുന്നു പെന്തക്കോസ്ത് സഭകൾക്കും പാസ്റ്റർമാർക്കും വിശ്വാസസമൂഹത്തിനുമെതിരെ എതിർപ്പുകളും പീഢനങ്ങളും ഇന്ന് വർദ്ധിച്ചുവരുന്നു.

സുവിശേഷ വിരോധികൾ ആക്രമിച്ച് ആരാധന തടസ്സപ്പെടുത്തി. പാസ്റ്ററെ കൈയ്യേറ്റം ചെയ്തു. ശബ്ദമലിനീകരണത്തിന്റെ പേരിൽ സഭായോഗം നിർത്തിവെപ്പിച്ചു. സഭാഹാൾ തല്ലിത്തകർത്തു, പെന്തക്കോസ്തു പൊതുപരിപാടിക്ക് വേദിയും അനുമതിയും നിഷേധിച്ചു, വിശ്വാസികളെ മർദ്ദിച്ചു എന്ന് തുടങ്ങുന്ന നിരവധി വാർത്തകളാണ് അനുദിനം ദിനപത്രങ്ങളിലും. സമൂഹമാധ്യമങ്ങളിലും കാണപ്പെടുന്നത്.

ഇതൊക്കെ കേൾക്കുകയും കാണുകയും ചെയ്യുമ്പോൾ ഐപിസിപോലെ കെട്ടുറപ്പുള്ള ഒരു പ്രസ്ഥാനം മൗനമായി ഇരിക്കുന്നതിൽ സംശയത്തെ ജനിപ്പിക്കുന്നു.

ഇലക്ഷൻ സമയത്തു പെന്തക്കൊസ്തുകാർ ഓട്ടു ചെയ്യുന്നു എങ്കിൽ രാജ്യത്തിന്റെ എല്ലാ നിയമങ്ങളും ഒരു വിശ്വാസിയ്ക്ക് ബാധകമെങ്കിൽ, ഭരണഘടനാപരമായി ഒരു വിശ്വാസിയുടെ സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഭരണഘടനാപരമായ മതസ്വാതന്ത്ര്യവും മതപ്രചരണസ്വാതന്ത്ര്യവും നേടിയെടുക്കുന്നതിനുവേണ്ടി ജനാധിപത്യരീതികളിൽ പ്രതിഷേധമറിയിക്കുവാനും അവകാശസംരക്ഷണപോരാട്ടം നടത്തുവാനും സഭയ്ക്ക് പ്രതിബദ്ധതയില്ലേ? അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും ചെയ്യണം എന്നല്ല ഇവ കൊണ്ട് അർത്ഥമാക്കുന്നത് യഹൂദന് ഉന്മൂലനാശം ഉറപ്പായ നിർണ്ണായക അവസരത്തിൽ മൊർദ്ദേഖായിയും എസ്ഥേറും നടത്തിയ നയതന്ത്രപരമായ രാഷ്ട്രീയ ഇടപെടൽ ദൈവസഭ മറക്കരുത് .പീഡയേൽക്കുന്ന അടിമത്വം അനുഭവിക്കുന്ന ദൈവജനത്തിനായി അവരുടെ രക്ഷക്കായി എല്ലാകാലവും തന്റെ അഭിഷക്തന്മാരെ അഭിഷക്തകളെ ദൈവം നിയോഗിച്ചിരുന്നു.

ഉയർന്നുവരുന്ന പീഡനങ്ങളെയും ഭീഷണിപ്പെടുത്തലുകളെയും പെന്തക്കോസ്തുകാർ നിയമപരമായി ജനാധിപത്യ രീതികളിൽ നേരിടുവാൻ മനസൊരുക്കം ഇല്ലെങ്കിൽ നേതൃത്വം തങ്ങളുടെ അണികളെയും പാസ്റ്റേഴ്സിനും സമാധാനത്തോടെ ആരാധിക്കാനുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കേണ്ടിയിരിക്കുന്നു. ഭരണഘടനാപരമായ അവകാശങ്ങൾ വിശ്വാസസമൂഹത്തിന് നേടിക്കൊടുക്കേണ്ടത് സഭാനേതൃത്വത്തിന്റെ ഉത്തരവാദിത്വമാണ്അത് കണ്ടില്ല എന്ന് നടിക്കുന്നത് തികച്ചും ഖേദകരം ആണ്.

ഇക്കഴിഞ്ഞ ആഴ്ചകളിൽ കാഞ്ഞിരം പാറയിൽ നടന്ന സംഭവം എടുത്തു പറയാതിരിക്കാൻ കഴിയുകയില്ല വാടകക്ക് എടുത്തിരിക്കുന്ന ഭവനത്തിൽ വർഷങ്ങളായി ആരാധന നടന്നു വരുകയായിരുന്നു. നാട്ടുകാരുടെ പരാതിയെ തുടർന്ന് ഇവിടെയും കളക്ടറുരുടെ ഉത്തരവിൻ പ്രകാരം പോലീസ് ഇടപെടൽ ഉണ്ടാവുകയും ആരാധനാ നിർത്തിവെക്കുകയും ചെയ്തു.

പാസ്റ്റർ സുനിൽ ഐപിസിയിലെ ഉത്തരവാദിത്ത പെട്ടവരെ അറിയിച്ചിരുന്നു മാത്രമല്ല സോഷ്യൽ മീഡിയയിൽ കൂടി എല്ലാവരും അറിഞ്ഞു. എന്നാൽ ഐപിസിയിൽ നിന്നും ഉത്തരവാദിത്വ പെട്ടവർ ആരും അദ്ദേഹത്തെ ഒരു വാക്കുകൊണ്ട് ബലപ്പെടുത്തുകയോ ഒരു പ്രതിവിധി കണ്ടെത്തുകയോ ചെയ്തില്ല. എന്നതും തികച്ചും ലജ്ജാവഹം തന്നെ.

ഈ വിഷയത്തെ ക്രൈസ്തവർ ഗൗരവമായി കാണേണ്ടതാണ്. ക്രൈസ്തവർക്കു ആരാധന സ്വാതന്ത്ര്യം നഷ്ടമാകുന്ന ഈ സാഹചര്യത്തിൽ സഭ ഉണർന്നു പ്രവർത്തിക്കണ്ടിയതു ആവശ്യം ആയിരിക്കുന്നു.

ഇന്ത്യ പെന്തക്കൊസ്തു സഭയെ പോലെ മുഖ്യധാര സഭകൾ ഇത്തരം പ്രശ്നങ്ങൾ കണ്ടില്ല, കേട്ടില്ല എന്ന് നടിക്കുന്നത് തികച്ചും ശോചനീയമാണ്. തങ്ങളുടെ കീഴിലുള്ള സഭാവിശ്വാസികളെ സംരക്ഷിക്കാൻ നേതൃത്വം തയാറാവണം. അതിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണ്ടത് ആവശ്യമാണ്. ഇതേ സമയം ലക്ഷങ്ങൾ ചിലവഴിച്ചു കൺവെൻഷനുകൾ, വിദേശ മലയാളികളെ ക്ഷണിച്ച്, ദുരുപദേശകരെ കയറ്റി സ്റ്റേജിൽ അരങ്ങു തകർക്കുമ്പോൾ, കൂട്ട് സഹോദരന്മാരിൽ ചിലർ കഷ്ടം അനുഭവിക്കുകയും ആരാധനക്ക് സ്ഥലമില്ലാതെ പാടുപെടുകയും ചെയുമ്പോൾ എങ്ങനെ കണ്ടില്ലെന്നു നടിച്ചു ഇത്തരം കൺവെൻഷനുകളിൽ കയറി മുഖ്യ സ്ഥാനത്തു ഇരിക്കാൻ കഴിയും.

ഐപിസി പ്രസിഡന്റ് സെക്രട്ടറി ആരും തന്നെ ഈ വഴിക്കു തിരിഞ്ഞു നോക്കുകയോ ചോദിക്കുകയോ ചെയ്തില്ല എന്നത് പൊതുവിൽ സംസാരമായി ഇവ സഭക്കുള്ളിലെ ഇരട്ടത്താപ്പുകൂടിയാണ് ഇത് വ്യക്തമാക്കുന്നതു. സഭ പീഡയിൽ കൂടി കടന്നു പോകുമ്പോൾ സാധാരണക്കാരായ പാസ്റ്റേഴ്സിനെയും വിശ്വാസികളെയും കണ്ടില്ലെന്നു നടിച്ചു പണക്കൊഴുപ്പും ആർഭാടവും കാണിച്ചു മാമാങ്കം കൊഴുപ്പിക്കാൻ ബദ്ധപ്പെടുന്ന നേതൃത്വത്തെ ഓർത്തു ലജ്ജിക്കുന്നു .

സഭയുടെ ഇത്തരം ഇരട്ടത്താപ്പുകൾ അവസാനിപ്പിച്ചു സഭയുടെ പ്രവർത്തനങ്ങൾ സുതാര്യവും സുഗമവും ആക്കണം എന്നത് ഐപിസി വിശ്വാസികളുടെ ആവശ്യവും ആഗ്രഹവും ആണ്. ഇത്തരത്തിൽ ഇരട്ടത്താപ്പും കുടുംബ മഹിമയും വെച്ചു കൊണ്ടിരിക്കുന്നവർ യേശുവിലേക്കു നോക്കുവിൻ യേശു സ്വർഗ്ഗ മഹിമ വിട്ടു ലോകത്തിലേക്ക് വന്നു.

ആ ദൈവത്തെയാണ് ഈ നേതൃത്വവും സാധാരണക്കാരായ വിശ്വാസികളും ആരാധിക്കുന്നത് എന്നത് മറക്കരുത്.

ഐപിസിക്കാർ തങ്ങളുടെ ശുശ്രൂഷകന്മാരോടും, വിശ്വാസ സമൂഹത്തോടും പ്രതിബദ്ധതയുള്ളവരായി മാറിയില്ലായെങ്കിൽ അവർക്കു മറ്റൊരിടത്തു നിന്നും വിടുതലും ഉദ്ധാരണവും ഉണ്ടാകും.

എന്നാൽ നിങ്ങളും നിങ്ങളുടെ ഭവനവും കണക്കു തീർക്കുന്ന നാളിൽ ഉത്തരം കൊടുത്തേ മതിയാകു.

പാകിസ്താനിൽ ക്രിസ്ത്യൻ പള്ളിയിൽ ഭീകരാക്രമണം: 9 മരണം

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ ക്രിസ്ത്യൻ പള്ളിയിലുണ്ടായ ചാവേറാക്രമണത്തിൽ 9 പേർ കൊല്ലപ്പെട്ടു.

തെക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ ക്വറ്റ സർഗൂൺ റോഡിലെ മെതെഡിസ്റ്റ് പള്ളിയിലാണ് തോക്കുധാരികളായ മൂന്നംഗ ചാവേറുകൾ ആക്രമണം നടത്തിയത്.

ഞായറാഴ്ച പ്രാർത്ഥനക്കായി 400ഓളം പേർ പള്ളിയിലുള്ളപ്പോഴായിരുന്നു ചാവേറാക്രമണം. പള്ളിയുടെ പ്രധാന കവാടത്തിലൂടെ അകത്ത് അതിക്രമിച്ച് കടക്കാൻ ശ്രമിച്ച രണ്ട് ചാവേറുകളെ പോലീസ് തടഞ്ഞുവെക്കുകയും അതിലൊരാളെ പോലീസ് വധിക്കുകയും ചെയ്തതായും അതിനിടെ രണ്ടാമത്തെ ചാവേർ സ്വയം പൊട്ടിത്തെറിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

സ്ഫോടനത്തിൽ സുരക്ഷാ ഉദ്യോഗസ്ഥന് സാരമായി പരിക്കേറ്റു. വെടിവെപ്പിനിടെ മൂന്നാമത്തെ തീവ്രവാദി അടുത്തുള്ള റെസിഡൻഷ്യൽ ഏരിയയിൽ ഒളിച്ചു.

ഇയാളെ കണ്ടെത്താനുള്ള സുരക്ഷാ സേനയുടെ തിരച്ചിൽ നടന്നുവരികയാണ്. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു.

ക്രിസ്മസിനോടനുബന്ധിച്ച് പള്ളിയിൽ പ്രാർത്ഥനക്കായി സ്ത്രീകളും കുട്ടികളും അടക്കം നിരവധി പേരുള്ളപ്പോഴായിരുന്നു ചാവേറാക്രമണം.

എച്ച്1 ബി വിസയുള്ളവരുടെ ജീവിത പങ്കാളികൾക്ക് അമേരിക്കയിൽ ജോലി നഷ്ടപ്പെടും

വാഷിംഗ്ടൺ: അമേരിക്കൻ തൊഴിലാളികൾക്ക് അനുകൂലമായി എച്ച്1 ബി വിസ ചട്ടം ഭേദഗതി ചെയ്യാൻ ട്രമ്പ് ഭരണകൂടം.

എച്ച്1 ബി വിസയിൽ അമേരിക്കയിൽ ജോലി ചെയ്യുന്നവരുടെ ജീവിത പങ്കാളിക്കും രാജ്യത്തുതന്നെ ജോലി ചെയ്യാൻ അനുമതി നൽകുന്ന മുൻ അമേരിക്കൻ പ്രസിഡന്റ് ബാരക് ഒബാമ കൊണ്ടുവന്ന നിയമം റദ്ദ് ചെയ്യാനാണ് ട്രമ്പിന്റെ നീക്കം. അമേരിക്കയിലുള്ള ആയിരക്കണക്കിന് ഇന്ത്യക്കാർ അടക്കമുള്ള വിദേശ തൊഴിലാളികളെയും അവരുടെ കുടുംബത്തെയും ബാധിക്കുന്നതാണ് ട്രമ്പ് ഭരണകൂടത്തിന്റെ നിർദ്ദിഷ്ട നിയമ ഭേദഗതി.

ഐ.ടി മേഖലയിലാണ് ഏറ്റവുമധികം എച്ച്1 ബി വിസക്കാർ അവരുടെ ജീവിത പങ്കാളിയോടൊപ്പം നിലവിൽ അമേരിക്കയിലുള്ളത്.

അമേരിക്കൻ പൗരൻമാർക്ക് പ്രഥമ പരിഗണന നൽകുന്ന വിസാ ഭേദഗതിയിലൂടെ രാജ്യത്ത് നിലവിൽ കഴിയുന്ന ഐ.ടി മേഖലയിലെ ജീവനക്കാരുടെ ജീവിത പങ്കാളികൾക്ക് ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷത്തിലേക്കാണ് പുതിയ ഭേദഗതി വഴിയൊരുക്കുക.

മധ്യപ്രദേശിൽ കരോൾ സംഘത്തിന് നേരെ ആക്രമണം

സത്ന: മതപരിവർത്തനം നടത്തുന്നുവെന്നാരോപിച്ച് മധ്യപ്രദേശിലെ സത്നയിൽ ക്രിസ്ത്യൻ പുരോഹിതരടങ്ങുന്ന 30 അംഗ സംഘത്തെ വ്യാഴാഴ്ച ബജ്റംഗദൾ പ്രവർത്തർ തടഞ്ഞുവെച്ചു.

തുടർന്ന് പ്രവർത്തകരുടെ പരാതി പ്രകാരം ഇവരെ പൊലീസ് കസ്റ്റഡിയിലെടുത്തു.

കസ്റ്റഡിയിലെടുത്ത സംഘത്തെ സന്ദർശിക്കാൻ പൊലീസ് സ്റ്റേഷനിൽ എത്തിയ എട്ടുപേരടങ്ങുന്ന ക്രിസ്മസ് കരോൾ സംഘത്തെ തടയുകയും അവർ സഞ്ചരിച്ച കാർ ബജ്റംഗദൾ പ്രവർത്തകർ തീയിടുകയും ചെയ്തു.

കാർ കത്തിച്ച സംഭവത്തിൽ ബജ്റംഗദൾ പ്രവർത്തകനായ 18 കാരനെ പോലീസ് പിന്നീട് അറസ്റ്റ് ചെയ്തു.

മതപരിവർത്തനം നടത്തിയെന്ന പരാതിയിൽ സംഘത്തിലെ ഒരു പുരോഹിതനും മറ്റ് അഞ്ചുപേർക്കുമെതിരെ കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സത്ന നിവാസിയായ ധർമേന്ദ്ര ദോഹർ നൽകിയ പരാതിയിലാണ് നടപടി.

പുരോഹിൻ തന്നെ ജ്ഞാനസ്നാനം ചെയ്യിച്ചുവെന്നും പേര് ധർമേന്ദ്ര തോമസ് എന്ന് മാറ്റിയതായും പരാതിയിൽ പറയുന്നു. ക്രിസ്തുവിനെ പ്രാർഥിക്കണമെന്ന് അവർ ആവശ്യപ്പെട്ടു എന്നും പരാതിയിൽ പറയുന്നു.

Daniel Mutually

കൃപ നേടിയ നോഹ ദൈവത്തോടു കൂടെ നടന്നു. അതിനാൽ ദൈവ പദ്ധതി തന്റെ ദാസനിൽ വെളിപ്പെട്ടു. സകലരും നശിച്ചപ്പോഴും നോഹയും കുടുംബവും മാത്രം അവശേഷിച്ചു. അവർ മാത്രം വിടുതൽ പ്രാപിച്ചു. ഈ അന്ത്യകാലത്ത് നോഹയെപ്പോലെ ദൈവത്തോടു കൂടെ നടക്കാം.

ദൈവകൃപയുടെ പ്രാധാന്യം

കൃപ എന്ന പദം കേൾക്കാത്ത വിശ്വാസികൾ ഉണ്ടാകുകയില്ല. അത്രത്തോളം ദൈവസന്നിധിയിൽ പ്രാധാന്യമർഹിക്കുന്ന ഒരു പദമത്രേ. കൃപ പ്രാപിക്കുവാൻ ദൈവസന്നിധിയിൽ മുഴങ്കാൽ മടക്കുന്ന ഭക്തന്മാർ നിരവധിയാണ്. ഇവയൊക്കെയും വിരൽ ചൂണ്ടുന്ന ഒരു യാഥാർത്ഥ്യം, ദൈവ സന്നിധിയിൽ നാം ഫലം പുറപ്പെടുവിക്കണമെങ്കിൽ കൃപ പ്രാപിച്ചിരിക്കണം എന്നതിലേയ്ക്കു തന്നെ. നമ്മെ ഓരോരുത്തരെയും ദൈവം തന്റെ മക്കളായി തിരഞ്ഞെടുത്തത് അവനായ് ഫലം പുറപ്പെടുവിക്കാനത്രെ. ആ പ്രക്രിയ അതിന്റെ പൂർണ്ണ ഭാവത്തിൽ നമ്മിൽ വെളിപ്പെടണമെങ്കിൽ ദൈവകൃപ എന്ന ശ്രേഷ്ഠത നമ്മിൽ പ്രതിഫലിക്കപ്പെടണം.

കൃപ ലഭിച്ച ഭക്തന്മാർ നിരവധിയാണ് അവരിലൂടെ പുറത്തുവന്ന ദൈവപ്രവൃത്തിയും എണ്ണമറ്റതു തന്നെ നോഹ, ദാനിയേൽ, ഈയ്യോബ്, പൗലോസ് ഈ ഭക്തന്മാർ ഇതിനു കേവലം ഉദാഹരണം മാത്രം.

ദൈവകൃപ എന്ന യോഗ്യത സ്വായത്തമാക്കണമെങ്കിൽ നാം ദൈവത്തോടു അടുത്തു ചെല്ലണം. ലോകത്തിലെ മറ്റൊരു മാധ്യമവും ഇങ്ങനെ ഒരു 'ഓഫർ' നമുക്കു നൽകില്ല. നാം ദൈവ സന്നിധിയിൽ നിന്നും പ്രാപിച്ചെടുത്തേ മതിയാകൂ. പുതിയ നിയമ വിശ്വാസികളാകുന്ന നാം ക്രിസ്തു എന്ന പൂർണ്ണതയിൽ നിന്നും നമ്മിലേക്കു പകരപ്പെടുന്ന കൃപ എന്ന വാഗ്ദത്തത്തെ ഏറ്റെടുക്കണം (യോഹ1 : 16) തന്റെ മക്കളും അവകാശികളുമായ നമ്മിലേക്കു കൃപ ലഭിക്കുന്നത് തികച്ചും സൗജന്യമായെന്നും വചനം നമ്മെ പഠിപ്പിക്കുന്നു. (എഫെ 1 : 6). സൗജന്യമായി ലഭിക്കുന്ന ഈ ദൈവീക അവകാശത്തെ ഈ അന്ത്യനാളുകളിൽ നാം പ്രാപിച്ചെടുക്കണം. ദൈവകൃപ പ്രാപിക്കുക വഴി നമ്മിലേക്കു പകരപ്പെടുന്ന ഏതാനും ഗുണങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃപ രക്ഷിക്കുന്നു

രക്ഷ എന്നാൽ ശിക്ഷയിൽ നിന്നുമുള്ള വിടുതൽ ദൈവകൃപ നമ്മെ ശിക്ഷകളിൽ നിന്നും രക്ഷിക്കുന്നു എന്നു ചുരുക്കം കൃപയാൽ അല്ലേ നാം രക്ഷിക്കപ്പെടുന്നത് (എഫേ 2 : 8) എന്നു പൗലോസ് നമ്മെ പ്രബോധിപ്പിക്കുന്നു. യാതൊരു യോഗ്യതയും ഇല്ലാത്ത നമ്മിൽ ദൈവകൃപ എന്ന ദാനത്തെ പകർന്നുകൊണ്ട് അവൻ വീണ്ടെടുത്തിരിക്കുന്നു.

2. കൃപയാൽ സകലതും സാധ്യം

'കൃപ ലഭിച്ചവളെ' എന്ന സംബാധന ദൈവദൂതനിൽ നിന്നും ലഭ്യമായ സ്ത്രീയായിരുന്നു യേശുവിന്റെ അമ്മ മറിയ (ലൂക്കോ 1: 28) ദൈവപുത്രനെ ഗർഭം ധരിക്കുവാൻ തിരഞ്ഞെടുപ്പു പ്രാപിക്കുവാനുള്ള കാരണവും ഇതാകാം. നിരവധി കന്യകമാരുണ്ടായ നാട്ടിൽ ദൈവം കണ്ടെത്തിയത് കൃപ ലഭിച്ച മറിയത്തെ അത്രേ, ഒരു കന്യക ഗർഭം ധരിക്കുക എന്നത് അസാദ്ധ്യം. പക്ഷേ കൃപ ലഭിച്ച മറിയത്തിലൂടെ അത് സാദ്ധ്യമായി. നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചതിനാൽ ഇത് നടക്കും എന്നും ദൂതൻ അവളോടു വാഗ്ദത്തം ചെയ്തു (ലൂക്കാ 1:30).

ഭക്തനായ സെഖര്യയാവിനോടുള്ള ദൈവീക അരുളപ്പാടും കൃപയുടെ ശക്തി വിളിച്ചോതുന്നു. കൃപ, കൃപ എന്ന് ആർത്തു വിളിച്ചാൽ മുമ്പിലുള്ള മഹാപർവ്വതം സമഭൂമിയായി മാറും. (സെഖ 4 : 7). ഒരു പർവ്വതത്തെ സമഭൂമിയാക്കാൻ കൃപ എന്ന രണ്ട് അക്ഷരത്തിനു കഴിയുമെങ്കിൽ നമ്മുടെ എത്ര വലിയ അസാധ്യങ്ങളെയും സാധ്യമാക്കുവാൻ ഈ ദൈവകൃപയ്ക്കു കഴിഞ്ഞിരിക്കും. ഈ നാളുകളിൽ നമ്മുടെ അസാധ്യങ്ങളെ നോക്കി കൃപ എന്നു വിളിച്ചു പറയുക. ഇത് എങ്ങനെ സംഭവിച്ചു എന്ന് ആശ്ചര്യം തോന്നുന്ന നിലവാരത്തിൽ ദൈവപ്രവൃത്തി അതിന്മേൽ വെളിപ്പെടുക തന്നെ ചെയ്യും.

3. കൃപ ബലപ്പെടുത്തുന്നു.

ഞാനാകുന്നത് ദൈവകൃപയാലാകുന്നു എന്ന് വിളിച്ചു പറഞ്ഞ ശക്തനായ അപ്പോസ്തലനായിരുന്നു പൗലോസ് (1 കൊരി 15 : 10) പുതിയ നിയമത്തിൽ ക്രിസ്തുവിനുശേഷം ദൈവത്താൽ ഏറ്റവും ഉപയോഗിക്കപ്പെട്ടതും പൗലോസ് തന്നെ. ആ വിശുദ്ധ പൗലോസിന്റെ ഈ സാക്ഷ്യം ദൈവകൃപ നൽകുന്ന അഭിഷേക ശുശ്രൂഷയുടെ മാഹാത്മ്യം അടിവരയിടുന്നു.

രോഗശാന്തിയും ദൈവീക അത്ഭുത പ്രവൃത്തികളും വെളിപ്പെട്ട ജീവിതമായിരുന്നു പൗലോസിന്റേത് എന്ന് നമുക്കറിയാം. പക്ഷെ അദ്ദേഹത്തിനും ഒരു രോഗാവസ്ഥ ഉണ്ടായിരുന്നെന്നു വചനം പറയുന്നു. തന്റെ ശരീരത്തിൽ ബാധിച്ചിരിക്കുന്ന ശൂലം എന്ന അസുഖത്തിന്റെ വിടുതലിനായി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. (2 കൊരി 12 : 7) എന്നാൽ ദൈവം അദ്ദേഹത്തെ വിടുവിച്ചില്ല. എന്റെ കൃപയും ശക്തിയും നിന്നെ ബലപ്പെടുത്തും എന്ന അരുളപ്പാടാണ് ദൈവം അദ്ദേഹത്തിനു നൽകിയത്. (2 കൊരി 12 : 9). ഇതിലൂടെ ദൈവകൃപ നമ്മുടെ ബലഹീനതകളിൽ ബലം എന്ന് കാണുന്നു.

4. കൃപ അധ്വാനിക്കുന്നു

പുതിയ നിയമത്തിൽ ശ്രദ്ധേയനായ ശുശ്രൂഷകൻ പൗലോസിന്റെ മറ്റൊരു ശ്രദ്ധേയമായ സാക്ഷ്യമാണ് മുകളിൽ പറഞ്ഞ ചിന്ത തന്നിലൂടെ വെളിപ്പെട്ട അഭിഷേകത്തിനു കാരണം അധ്വാനമത്രേ. എന്നാൽ അധ്വാനിച്ചത് താനല്ല ദൈവകൃപയാണ് എന്ന് പൗലോസ് പ്രസ്താവിക്കുന്നു. ദൈവത്തിനു നമ്മുടെ മേൽ ഒരു പദ്ധതി ഉണ്ടെങ്കിൽ അതു വെളിപ്പെടുവാൻ നമ്മിൽ വ്യാപരിക്കുന്ന ദൈവകൃപ മുഖാന്തരമാകുമെന്നു ചുരുക്കം. നാം കുശവന്റെ കൈയ്യിലെ കളിമണ്ണു പോലെ സമർപ്പിക്കപ്പെട്ടാൽ ആ ദൈവകൃപ ഒരുമാന പാത്രമാക്കി നമ്മെ പുറത്തുകൊണ്ടുവരും. നാം ദൈവ ഹിതത്തിനായി ഏൽപ്പിക്കപ്പെടുമ്പോൾ കൃപ എന്ന ദാനം നമുക്കായി അധ്വാനിക്കും. അതിനാൽ മറ്റാരും ദൈവ പദ്ധതിയുടെ പൂർത്തീകരണത്തിനായി നമ്മെ സഹായിക്കാനില്ലാ എങ്കിലും ഭാരപ്പെടേണ്ട. ദൈവകൃപ എന്ന അത്യന്ത ശക്തി അവൻ നമ്മിൽ പകർന്നിട്ടുണ്ട്. അത് വിശ്രമിക്കാതെ നമുക്കായി അധ്വാനിച്ചു ദൈവ മഹത്വം നമ്മിൽ വെളിപ്പെടുത്തും (1 കൊരി 15 : 10).

കൃപ നേടിയ നോഹ ദൈവത്തോടു കൂടെ നടന്നു (ഉല്പ 6 : 8). അതിനാൽ ദൈവ പദ്ധതി തന്റെ ദാസനിൽ വെളിപ്പെട്ടു സകലരും നശിച്ചപ്പോഴും നോഹയും കുടുംബവും മാത്രം അവശേഷിച്ചു. അവർ മാത്രം വിടുതൽ പ്രാപിച്ചു. ഈ അന്ത്യകാലത്ത് നോഹയെപ്പോലെ ദൈവത്തോടു കൂടെ നടക്കാം. അവൻ മറ്റാർക്കും വെളിപ്പെടുത്താത്ത ദർശനങ്ങൾ നമ്മിൽ പകരട്ടെ. അതിലൂടെ നമുക്കും രക്ഷ നേടാം. അസാദ്ധ്യങ്ങളെ സാധ്യമാക്കുന്ന ദൈവ പ്രവൃത്തിയുടെ വാഹകരായി നമുക്കും മാറാം. ദൈവകൃപ ലഭിച്ചവൻ എന്ന ഖ്യാതി നേടി ക്രൈസ്തവ ജീവിതം ജയോത്സവമായി മുന്നേറാം.

അതിനു സർവ്വശക്തൻ മുഖാന്തിരമാകട്ടെ.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ കൺവിനേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 95 ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും.

കൺവൻഷൻ തീം റോമർ 12:11ന്റെ അടിസ്ഥാനത്തിൽ ''ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" എന്നതാണ്.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള മൂന്നാമത് ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്ടുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു.

2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, ജനറൽ കൺവീനറായി പാസ്റ്റർമാരായ ജെ. ജോസഫും വൈ.റെജിയും ജോയിന്റ് കൺവീനർമാരായി താഴെ പേര് പറയപ്പെടുന്നവർ കൺവീനർമാരായി പ്രവർത്തിക്കുന്ന വിപുലമായ കമ്മറ്റി നിലവിൽ വന്നു.

പാസ്റ്റർ വിനോദ് ജേക്കബ് (ഫിനാൻസ്), പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം (സ്തോത്രകാഴ്ച), പാസ്റ്റേഴ്സ് ജി. അലക്സ്, വി. പി. തോമസ് (പ്രെയർ), പാസ്റ്റർ പി.സി. ചെറിയാൻ (പബ്ലിസിറ്റി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രാൻസ്ലേഷൻ), പാസ്റ്റർ ഏ. റ്റി. ജോസഫ്(സ്റ്റാൾ അലോട്ട്മെന്റ്), പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (റിസപ്ഷൻ), പാസ്റ്റർ വൈ. ജോസ് (മ്യൂസിക്), പാസ്റ്റർ സജി ജോർജ്ജ് (കർത്തൃമേശ), പാസ്റ്റർ റ്റി.എം. മാമ്മച്ചൻ (അക്കോമഡേഷൻ), പാസ്റ്റർ തോമസ് എം.പുളിവേലിൽ (വോളന്റിയേഴ്സ്), പാസ്റ്റർ ജോൺസൺ ദാനിയേൽ (പന്തൽ), പാസ്റ്റർ ബാബു ചെറിയാൻ (ഫുഡ്), പാസ്റ്റർ ജോസ് ബേബി (ലൈറ്റ് & സൗണ്ട്), പാസ്റ്റർ എബി റ്റി. ജോയി (കൗൺസിലിംഗ്), പാസ്റ്റർ ഷിജു മത്തായി (സ്റ്റേജ് അറേഞ്ച്മെന്റ്), പാസ്റ്റർ കെ.എ. ഉമ്മൻ (സ്നാനം), പാസ്റ്റർ കെ. വി. ഗീവർഗീസ് (ഗ്രൗണ്ട് അറേഞ്ച്മെന്റസ്), പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ (മീഡിയ), റ്റി. യോഹന്നാൻ (ലിറ്ററേച്ചർ), പാസ്റ്റർ പി. എ. ജെറാൾഡ് (സീറ്റിംഗ്), പാസ്റ്റർ റ്റി.എ.ജോർജ്ജ് (ഇൻഫർമേഷൻ), പാസ്റ്റർ ഏബ്രഹാം മാത്യു കോട്ടയം (നിർദ്ദേശങ്ങൾ & പരാതികൾ), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക് റിലേഷൻ), പാസ്റ്റർ ജോൺ ജോസഫ് (സെക്യൂരിറ്റി), ജോസഫ് മറ്റത്തുകാലാ (വിജിലൻസ്), വി.എ.സാബു (വാട്ടർ സപ്ലൈ), പാസ്റ്റർ കെ.കെ. കോരുത് (ട്രാൻസ്പോർട്ടേഷൻ), ഏബ്രഹാം എം. തോമസ് (പാർക്കിംഗ്), ഡോ. ഐസക് സൈമൺ (മെഡിക്കൽ), പാസ്റ്റർ ജോയി എ. ചാക്കോ (സ്റ്റുഡൻസ് ഇൻചാർജ്ജ്), ബിനോയി പി. അലക്സ് (ഓഫീസ്), സിസ്റ്റർ സുനു തോമസ് (വോളന്റിയേഴ്സ്) (സഹോദരിമാർ). എല്ലാ കൺവൻഷൻ കൺവീനറുമാരും കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു.

ആർക്കെങ്കിലും അതിന് സാധിക്കുന്നില്ലായെങ്കിൽ അവർ കൺവൻഷൻ കമ്മറ്റിയിൽ ചേരുവാൻ പേര് തരുതെന്നും അദ്ദേഹം പ്രസ്താവിച്ചു. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും.

കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

കണ്ണൂർ വിമാനത്താവളം: പരീക്ഷണ പറക്കൽ അടുത്തമാസം



കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഉദ്ഘാടനത്തിന്റെ ആദ്യഘട്ടമായ പരീക്ഷണ പറക്കൽ (സോഫ്റ്റ് ലോഞ്ചിംഗ്) ജനുവരിയിൽ നടക്കും. സെപ്തംബറിൽ വിമാനത്താവള ഉദ്ഘാടനം നടത്തുന്നതിന് മുന്നോടിയായാണ് പരീക്ഷണ പറക്കൽ നടത്തുന്നത്. ഫ്രെബുവരിയോടെ നിർമാണ പ്രവർത്തനങ്ങളും മറ്റ് സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്ന ജോലികളും പൂർത്തിയാകും. വിമാനത്താവള ലൈസൻസ് ലഭിക്കുന്ന മുറക്ക് ഉദ്ഘാടനം നടത്താനാണ് ധാരണ.

വിമാനത്താവളത്തിന്റെ 95 ശതമാനം പ്രവൃത്തികളും ഇതിനകം പൂർത്തിയായി. ജനുവരിയോടെ അനുബന്ധ ജോലികളൊഴികെയുള്ള എല്ലാ പ്രധാന പ്രവൃത്തികളും തീരും. ഫെബ്രവരി 28നകം കമ്മീഷനിംഗിന് ആവശ്യമായ പരിശോധനകളും പശ്ചാത്തല സൗകര്യ സംവിധാനങ്ങളുടെ ഏകോപന പ്രവൃത്തിയും പൂർത്തിയാകുമെന്ന് കിയാൽ മാനേജിംഗ് ഡയറക്ടർ പി ബാലകിരൺ അറിയിച്ചു.

പരീക്ഷണ പറക്കലിനാവശ്യമായ നാവിക ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികൾ ഈയാഴ്ച തീരും. ഇതിന്റെ ഭാഗമായി നാവികവിദ്യ പരിശോധന നടത്താൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പി.ബാലകിരൺ പറഞ്ഞു. ഗ്രീൻഫീൽഡ് വിമാനത്താവളമെന്ന നിലയിൽ ഉന്നത സാങ്കേതിക സംവിധാനങ്ങളും ഉയർന്ന മാനദണ്ഡങ്ങളുമാണ് കിയാൽ ഒരുക്കേണ്ടത്. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻസ് (ഡി.ജി.സി.എ), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻസ് (ബി സി എ എസ്), എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (എ.എ.ഐ) എന്നിവയാണ് വിവിധ സാങ്കേതിക ലൈസൻസുകൾ നൽകേണ്ടത്. ഇതിനു പുറമെ കസ്റ്റംസ്, എമിഗ്രേഷൻ, സുരക്ഷാ സംവിധാനങ്ങളും സജ്ജമാക്കണം. ഈ ജോലികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. സുരക്ഷാ കാര്യങ്ങൾക്ക് സി ഐ എസ് എഫിലെ 634 പേരെ കിയാൽ വിമാനത്താവളത്തിനായി നിയോഗിക്കാൻ ബി.സി.എ.എസ് ഉത്തരവായിട്ടുണ്ട്. ഡൽഹിയിൽ നടന്ന ചർച്ചയിലാണ് ഇത് തീരുമാനമായത്.

എമിഗ്രേഷൻ ചുമതല കേരള പോലീസിനാണ്. ഇതിനായി 145 പേരെ അനുവദിക്കാൻ തീരുമാനമായി. കസ്റ്റംസിന്റെ 78 പേരെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസലും ആയിട്ടുണ്ട്. 3,400 മീറ്റർ റൺവേയാണ് ആദ്യഘട്ടത്തിലുണ്ടാകുക. ഇതിൽ 3,050 മീറ്ററിന്റെയും പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്. റൺവേ നാലായിരം മീറ്ററാക്കുന്നതിന് സർക്കാർ ഉത്തരവും മറ്റ് നടപടികളുമായിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവേ നടപടികളും തുടങ്ങി. ഇക്കാര്യത്തിൽ സ്ഥലമുടമകളുടെ ഭാഗത്ത് നിന്ന് മികച്ച സഹകരണമാണ് ലഭിക്കുന്നതെന്നും ബാലകിരൺ പറഞ്ഞു.

എയർ ട്രാഫിക് കൺട്രോൾ കെട്ടിടം പണി പൂർത്തിയായി. 1,923 ചതുരശ്ര മീറ്ററാണ് ഇതിന്റെ വിസ്തൃതി. പാസഞ്ചർ ടെർമിനൽ കെട്ടിടത്തിന് 95,000 ചതുരശ്ര മീറ്ററാണ് വിസ്തൃതി. 750 മീറ്റർ നീളത്തിൽ ഫ്ളൈ ഓവറും പൂർത്തിയായി. റൺവേക്ക് പുറത്ത് 900 മീറ്റർ വെളിച്ച സംവിധാനം ഒരുക്കും. ആദ്യഘട്ടത്തിൽ ഇത് 420 മീറ്ററിലായിരിക്കും.

സുരക്ഷാ അനുമതി ലഭിക്കാൻ നിയമനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഈ മാസം 31 ഓടെ നിയമനങ്ങൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി നഷ്ടപ്പെട്ട കുടുംബങ്ങളിലുള്ളവർക്ക് മുൻഗണന എന്നത് മാറ്റി സംവരണം നൽകാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശപ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. ഇതുപ്രകാരം 22 പേരെ നിയമിച്ചു. എട്ട് പേരെ യോഗ്യത നേടുന്നമുറക്ക് നിയമിക്കാനും ധാരണയായിട്ടുണ്ട്. പതിനഞ്ച് പേർക്ക് കൂടി ഈ വിഭാഗത്തിൽ താമസിയാതെ നിയമനം നൽകാനാകുമെന്നും ബാലകിരൺ അറിയിച്ചു.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 95ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷൻ തീം റോമർ 12:11ന്റെ അടിസ്ഥാനത്തിൽ 'ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ' എന്നതാണ്.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള മൂന്നാമത് ആലോചനായോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്കുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു.

2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, ജനറൽ കൺവീനറായി പാസ്റ്റർമാരായ ജെ.ജോസഫും വൈ. റെജിയും ജോയിന്റ് കൺവീനർമാരായി പ്രവർത്തിക്കുന്ന വിപുലമായ കമ്മറ്റി നിലവിൽ വന്നു.

കൊട്ടാരക്കര മേഖലാ കൺവൻഷൻ ജനുവരി 3ന്

കൊട്ടാരക്കര: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ 58-ാ മത് മേഖല കൺവൻഷൻ 2018 ജനുവരി 3-8 വരെ കൊട്ടാരക്കര പുലമൺ ബർശേബാ ഗ്രൗണ്ടിൽ നടക്കും. 4ന് വൈകിട്ട് 6ന് മേഖലാ പ്രസിഡന്റ് പാസ്റ്റർ ബഞ്ചമിൻ വർഗീസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. എല്ലാ ദിവസവും രാവിലെ 8ന് ബൈബിൾ ക്ലാസ്, രാവിലെ 10 നും വൈകിട്ട് 6നും പൊതുയോഗങ്ങളും നടക്കും. വ്യാഴം ഉച്ചക്ക് 2ന് ശുശ്രൂഷക കുടുംബ സംഗമം, വെള്ളി ഉച്ചക്ക് 2ന് സോദരീ സമാജം വാർഷിക സമ്മേളനം, ശനി ഉച്ചക്ക് 2ന് സണ്ടേസ്കൂൾ, പിവൈപിഎ സംയുക്ത വാർഷീകം, 4ന് സ്നാന ശുശ്രൂഷ എന്നിവ കൺവൻഷനോടനുബന്ധിച്ച് നടക്കും.

വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ ഷാജു സി. ജോസഫ്, ഫിലിപ്പ് പി. തോമസ്, ജെയിംസ് ജോർജ്, ജോൺ സാമുവേൽ, വർഗീസ് ഏബ്രഹാം, ജോൺസൻ ദാനിയേൽ, ബാബു ചെറിയാൻ, വിൽസൺ ജോസഫ്, കെ.സി. ജോൺ, സാം ജോർജ്, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിക്കും. 7ന് ഞായറാഴ്ച രാവിലെ 8ന് ആരംഭിക്കുന്ന കത്തൃമേശയോടും പൊതുയോഗത്തോടും കൂടി കൺവൻഷൻ സമാപിക്കും. മേഖലയിലെ 20 സെന്റർ/ഏരിയകളിൽ നിന്നുമായി ആയിരക്കണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും യോഗങ്ങളിൽ പങ്കെടുക്കും. ഐപിസി പത്തനാപുരം ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കുടുമ്പനാട് കൺവൻഷൻ കഴിഞ്ഞാൽ ഐപിസിയുടെ ഏറ്റവും വലിയ ആത്മീക സംഗമമാണ് കൊട്ടാരക്കര മേഖലാ കൺവൻഷൻ.

പാസ്റ്റർ ബഞ്ചമിൻ വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ സാം ജോർജ് (വർക്കിംഗ് പ്രസിഡന്റ്), ജെയിംസ് ജോർജ് വേങ്ങുർ (സെക്രട്ടറി), പി.എം. ഫിലിപ്പ് (ട്രഷറാർ), പാസ്റ്റർ സി.റ്റി. ജോൺ (പബ്ലിസിറ്റി കൺവീനർ) എന്നിവർ കൺവൻഷന് നേതൃത്വം നൽകും.

ക്രിസ്ത്യൻ വിമൻസ് അസോസിയേഷൻ 6-ാം വാർഷിക സമ്മേളനം

ക്രിസ്ത്യൻ വുമൺസ് അസ്സോസിയേഷൻ സമ്മേളനം തിരുവല്ല മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ഏലിയാമ്മ തോമസ് ഉദ്ഘാടനം ചെയ്യുന്നു

തിരുവല്ല : ക്രിസ്ത്യൻ വുമൺസ് അസ്സോസിയേഷന്റെ 6-ാം വാർഷിക സമ്മേളനം നവംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ തിരുവല്ല, മുത്തൂർ ഐ.പി.സി എബനേസർ ഹാളിൽ പ്രസിഡന്റ് സാലി മോനായിയുടെ അദ്ധ്യക്ഷതയിൽ തിരുവല്ല മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ ഏലിയാമ്മ തോമസ് ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ കൗൺസിലർ റീന മാത്യു ചാലക്കുഴി സഹായ വിതരണം നടത്തി. കോഴഞ്ചേരി വൈ.ഡബ്ലു.സി.. പ്രസിഡന്റ് സ്റ്റെല്ലാ തോമസ്, ജെയിനി മറിയം ജയിംസ് എന്നിവർ മുഖ്യ പ്രസംഗം നടത്തി. ഐ.പി.സി. സോദരി സമാജം മുൻ പ്രസിഡന്റ് അന്നമ്മ മാതു, ഷാരോൺ ഫെല്ലോഷിപ്പ് ചർച്ച് വനിതാസമാജം ട്രഷറാർ ഗ്രെയ്സി ജോൺ, ഉത്തമസ്ത്രീ മാസിക പ്രതിനിധി രാജി സുരേഷ് എന്നിവർ ആശംസകൾ അറിയിച്ചു.

വൈസ് പ്രസിഡന്റ് പൊന്നമ്മ മാത്യു ആമുഖ പ്രസംഗവും ജോയിന്റ് സെക്രട്ടറി ഓമനകുര്യൻ വാർഷിക റിപ്പോർട്ടും, ട്രഷറാർ ബിജി ജോൺ വർഗീസ് കണക്ക് അവതരണവും നടത്തി. ഉത്തമസ്ത്രീ മാസിക പ്രതിനിധി അന്നമ്മ മാമ്മൻ കൃതജ്ഞതയും അറിയിച്ചു.

വാളകം സെന്റർ കൺവൻഷന് ജനുവരി 2ന് തുടക്കം

കോലഞ്ചേരി: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസ വാളകം സെന്ററിന്റെ 89-ാമത് കൺവൻഷൻ സെന്റർ ഹെബ്രോൻ ഗ്രൗണ്ടിൽ വച്ച് ജനുവരി 2 ചൊവ്വ മുതൽ 7 ഞായർ വരെ നടക്കും. എല്ലാദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ സണ്ണി കുര്യൻ, വർഗീസ് എബ്രഹാം, കെ.ജോയി, റവ. ഡോ. വൽസൻ എബ്രഹാം, ജേക്കബ് ജോർജ്, ജോർജ് തോമസ്, ജേക്കബ് വർഗീസ്, ജോയി എബ്രഹാം എന്നിവർ ദൈവവചനം പ്രസംഗിക്കും. ഐപിസി വാളകം സെന്റർ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും.

ജനുവരി 5 വെള്ളി, രാവിലെ 10 മുതൽ വാളകം ഹെബ്രോൻ ഹാളിൽ വച്ച് സോദരീസമാജ വാർഷികവും ജനുവരി 6 ശനി, രാവിലെ 10 മുതൽ ശുശ്രൂഷക സമ്മേളനവും ഉച്ചയ്ക്ക് 2.30 മുതൽ സണ്ടേസ്കൂൾ & പിവൈപിഎ സംയുക്ത വാർഷികവും നടക്കും.

7-ാം തിയതി ഞായറാഴ്ച രാവിലെ 9 മുതൽ സംയുക്ത ആരാധനയും കർത്തൃമേശയും ആരംഭിക്കും. തുടർന്ന് നടക്കുന്ന പൊതുയോഗത്തോടെ ഈ വർഷത്തെ സെന്റർ കൺവൻഷൻ സമാപിക്കും.

സെന്റർ കൗൺസിൽ അംഗങ്ങളും വിവിധ ബോർഡുകളും അടങ്ങിയ വിപുലമായ കമ്മിറ്റി യോഗക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നതായി സെന്റർ സെക്രട്ടറി പാസ്റ്റർ ബിജു വി. തോമസും പബ്ലിസിറ്റി കൺവീനർ മാത്യു കിങ്ങിണിമറ്റവും അറിയിച്ചു.

പി.വൈ.സി.ഡി. കോൺഫറൻസ് സമാപിച്ചു

ഡാളസ്: ഡാളസിലുള്ള പെന്തക്കോസ്ത് സഭകളുടെ പൊതു യുവജന കൂട്ടായ്മയായ പി.വൈ.സി.ഡി.യുടെ 36-ാമത് കോൺഫറൻസ് സമാപിച്ചു.

പാസ്റ്റർ ജോഷ്വാ ജോൺസ് മുഖ്യപ്രസംഗകനായിരുന്നു. പാസ്റ്റേഴ്സ് റെനി ചെറിയാൻ, ജസ്റ്റിൻ സാബു തുടങ്ങിയവർ പ്രസംഗിച്ചു.

പാസ്റ്റർമാരായ ലിൻസൺ ഏബ്രഹാം, പ്രകാശ് മാത്യു, തോമസ് മുല്ലയ്ക്കൽ തുടങ്ങിയവർ വിവിധ മീറ്റിങ്ങുകളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സതീഷ്കുമാർ കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സിറ്റിയിലെ വിവിധ സഭകളിൽ നിന്നുള്ള ക്വയർ സംഗീതശുശ്രൂഷ നിർവ്വഹിച്ചു.

പി.വൈ.സി.ഡി. അംഗത്വം ഉള്ള 30 സഭകളിൽ നിന്നുള്ള 10 വർഷം ശുശ്രൂഷ നിർവ്വഹിച്ച സീനിയർ പാസ്റ്റേഴ്സിനെ ഫലകം നൽകി സമ്മേളനത്തിൽ ആദരിച്ചു.

പി.വൈ.സി.ഡി.യുടെ പ്രവർത്തനങ്ങൾക്ക് ബിജു തോമസ് (പ്രസിഡന്റ്), ഷോണി തോമസ് (കോർഡിനേറ്റർ), അലൻ മാത്യു (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ചുക്കാൻ പിടിക്കുന്നു.

ആക്ട് സാഹിത്യ പുരസ്കാരം എൻട്രികൾ ക്ഷണിക്കുന്നു

കോട്ടയം: ക്രിസ്തീയ എഴുത്തുകാരുടെയും പത്ര പ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സ് (അഇഠ) 2016 ലെ മികച്ച രചനകൾക്ക് പുരസ്കാരം നൽകുന്നു.

2016 ൽ ക്രൈസ്തവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള ആദ്ധ്യാത്മിക ലേഖനം, സാമൂഹിക പ്രാധാന്യമുള്ള ലേഖനം, ന്യൂസ് സ്റ്റോറി, ലേ ഔട്ട് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായി ഏറ്റവും മികവു പുലർത്തുന്ന രചനയ്ക്കായിരിക്കും സമ്മാനം നൽകുക.

ഓരോ വിഭാഗത്തിലും 5000 രൂപ വീതമായിരിക്കും അവാർഡ് തുക. എഴുത്തുകാർക്കും പ്രസിദ്ധീകരണത്തിനും എൻട്രികൾ അയയ്ക്കാം.

ഒരാൾക്ക് 2 രചനകൾ വീതം അയയ്ക്കാം. ഓരോ രചനയുടെയും 3 കോപ്പികൾ വീതം അയയ്ക്കണം. പ്രസിദ്ധീകരിച്ച ആനുകാലികത്തിന്റെ ഒറിജിനലോ ഫോട്ടോ കോപ്പിയോ അയയ്ക്കാം. വിദേശ മലയായളികൾക്കും പങ്കെടുക്കാം.

അയയ്ക്കേണ്ട വിലാസം:
Raju Anikkad, Mukkooril House, Anicadu P. O., Mallappally 689585, Pathanamthitta Dist. Mob: 9446187207.

ഐ.പി.സി ഈസ്റ്റേൺ റീജിയൻ യുവജന സംഘടനയ്ക്ക് പുതിയ നേതൃത്വം: ഡോ. റോജൻ സാം പ്രസിഡന്റ്

വാർഷിക കൺവൻഷൻ

ഫ്ളോറിഡ: ഐ.പി.സി. സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 8, 9 തീയതികളിൽ വാർഷിക കൺവൻഷൻ സൗത്ത് ഫ്ളോറിഡയിലെ സൺറൈസിൽ നടക്കും. ഡോ. സാബു വർഗീസ് മുഖ്യപ്രസംഗകനായിരിക്കും.

പാസ്റ്റർമാരായ കെ.സി. ജോൺ ഫ്ളോറിഡ, ജോൺ തോമസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും. 9-ന് രാവിലെ 10 മുതൽ 12 വരെ സെമിനാർ നടക്കും.

സഭാ സെക്രട്ടറി ജെയിംസ് മുളവന, ട്രഷറർ ജെസി ജേക്കബ് എന്നിവർ നേതൃത്വം നൽകും.

ന്യൂയോർക്ക്: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ നോർത്തമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ യുവജന സംഘടനയായ പി.വൈ.പി.എ.യുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഡിസംബർ 2 ശനിയാഴ്ച ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാഹാളിൽ നടന്ന വാർഷിക യോഗത്തിലാണ് 2018-20 വർഷത്തിലേക്കുള്ള ഭാരവാഹികൾ തിരഞ്ഞെടുക്കപ്പെട്ടത്.

ഡോ. റോജൻ സാം പ്രസിഡന്റ്), അലക്സ് ജോർജ് ഉമ്മൻ (വൈസ് പ്രസിഡന്റ്), പ്രയ്സൺ ജേക്കബ് (സെക്രട്ടറി), സിബിൻ.വി പീറ്റർ (ജോ. സെക്രട്ടറി), ജെഫ്രി മാത്യു (ട്രഷറാർ), ഷേറാ തോമസ് (വി.ബി.എസ് കോർഡിനേറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

സിജു കോശി പി.വൈ.പി.എ വാർഷിക റിപ്പോർട്ടും റോബിൻ വർഗീസ് സാമ്പത്തിക റിപ്പോർട്ടും, ജെയിംസ് വർഗീസ് സണ്ടേസ്കൂൾ പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. റീജിയൻ പ്രസിഡന്റ് റവ.ഡോ.ഇട്ടി ഏബ്രഹാം, സെക്രട്ടറി പാസ്റ്റർ കെ.വി.ഏബ്രഹാം എന്നിവർ തിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ വിൽസൻ വർക്കി, അലകസ് ഉമ്മൻ, ജോൺസി തോമസ് എന്നിവർ പ്രസംഗിച്ചു.

മഹത്വത്തിൽ

അന്നമ്മ ചാക്കോ

ന്യൂയോർക്ക്: പത്തനാപുരം പൊയ്കയിൽ കുടുംബാഗം പി.ഒ ചാക്കോയുടെ ഭാര്യയും ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജോർജ് പി.ചാക്കോയുടെ മാതാവുമായ അന്നമ്മ ചാക്കോ (84) നിര്യാതയായി.

സംസ്ക്കാരം ഡിസംബർ 8 വെള്ളിയാഴ്ച 2 മണിക്ക് പത്തനാപുരം ശാരോൻ സഭയുടെ ചുമതലയിൽ നടന്നു

മറ്റ് മക്കൾ: സൈമൺ പി.ചാക്കോ, പാസ്റ്റർ കുഞ്ഞുമ്മൻ പി. ചാക്കോ, മാത്യു പി.ചാക്കോ, ചെറിയാൻ പി.ചാക്കോ, ചാർളി പി.ചാക്കോ, പാസ്റ്റർ ഉമ്മൻ പി. ചാക്കോ (എല്ലാവരും യു.എസ്.എ).

ഡോ.പി. കെ. സാം മല്ലശ്ശേരി

മല്ലശ്ശേരി : അനുഗ്രഹീത ഗാനരചയിതാവും എഴുത്തുകാരനും ബൈബിൾ ക്രിസ്ത്യൻ സെന്റർ സ്ഥാപക ഡയറക്ടറുമായ ഡോ. പി. കെ. സാം മല്ലശ്ശേരി (88) കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

സംസ്കാരം മല്ലശ്ശേരി ബി.സി.സി ഹാളിലെ ശുശ്രൂഷയ്ക്ക് ശേഷം ബി.സി.സി സെമിത്തേരിയിൽ നടന്നു. പുത്തൻവീട്ടിൽ മല്ലശ്ശേരി കുഞ്ഞുകുഞ്ഞ് ഉപദേശിയുടേയും അന്നമ്മയുടേയും മകനാണ് പി.കെ സാം. മുന്നൂറോളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ഭാര്യ:അമ്പഴത്തുംമൂട്ടിൽ കുഞ്ഞൂഞ്ഞമ്മ. മക്കൾ: ഡോ.സാംസൺ കെ. സാം (സൂപ്രണ്ട് ടി.എം.എം ആശുപത്രി, തിരുവല്ല), ബൻസൻ കെ.സാം (സുവിശേഷകൻ), ഷേരൺ ജോർജ് (യു.എസ്), സ്റ്റീഫൻ കെ. സാം (ഓസ്ട്രേലിയ). മരുമക്കൾ: ഡോ. എലിസബത്ത് സാംസൺ (സൗദി), ആനി ബൻസൻ, ടോം ജോർജ് കോലത്ത്(യു.എസ്), നിസി സ്റ്റീഫൻ (ഓസ്ട്രേലിയ).

സാറ ദാസ്

കോഴിക്കോട് : ചർച്ച് ഓഫ് ഗോഡ് വെള്ളിമാട്കുന്ന് സഭാംഗവും പറമ്പിൽ ബസാറിൽ മൂട്ടോളിശ്ശേരിപറമ്പ് ഗിൽഗാൽ ഭവനിൽ പരേതനായ ദാസ് സുചിതന്റെ ഭാര്യയുമായ സാറ ദാസ് (82) നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം വെസ്റ്റ്ഹിൽ സെമിത്തേരിയിൽ ചർച്ച് ഓഫ് ഗോഡ് ഡിസ്ട്രിക്ട് പാസ്റ്റർ വി.ടി.എബ്രഹാം നിർവ്വഹിച്ചു. പാസ്റ്റർ ഷാജി സിസിൽ ശുശ്രൂഷകൾ നിയന്ത്രിച്ചു. പാസ്റ്റർമാരായ സന്തോഷ് നാരായണൻ. ,

എബ്രഹാം തോമസ്, ഷാജി ആന്റണി, പി.എം. ജോസ് തുടങ്ങിയവർ പ്രസംഗിച്ചു. ക്രൈസ്തവചിന്ത കോ-ഓർഡിനേറ്റർ വി. വി. അബ്രഹാം അനുശോചനം അറിയിച്ചു.

മക്കൾ : ക്രിസ്റ്റബൽ ഗ്രേയ്സ്, ജോയ്സ്, പ്രേമലത, ഫെമിലദാസ്, പരേതനായ വിജയാനന്ദ പോൾ. മരുമക്കൾ: സാമുവൽ, രമണി ജോയ്സ്, ജയിംസ് തോംസൺ, പരേതനായ വിൻസന്റ്.

കുഞ്ഞല

തൃശൂർ :പൂളായ്ക്കൽ ഐ.പി.സി. സഭാംഗവും പരേതനായ ആമ്പല്ലൂർ കല്ലറയ്ക്കൽ ജോണിയുടെ സഹധർമ്മിണിയുമായ കുഞ്ഞല (85) നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം കരിപ്പാകുന്ന് പെന്തകോസ്ത് സെമിത്തേരിയിൽ ഐ.പി.സി. പീച്ചി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.ഒ.വർഗ്ഗീസ് നിർവ്വഹിച്ചു.

പാസ്റ്റർമാരായ പി.സി. ജോഷി, ജോൺലി ജോൺസൺ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ സി.ഒ.ഡേവിഡ്, വി.വി.ഫ്രാൻസിസ്, കെ.പി.ഐസക്, ജോർജ്ജ് കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. ക്രൈസ്തവചിന്ത കോ-ഓർഡിനേറ്റർ വി.വി. അബ്രഹാം അനുശോചനം അറിയിച്ചു.

മക്കൾ:ജെസ്സി, റാഹേൽ, ഗ്രേസി, വർഗ്ഗീസ്, ജോസ്, ലൂസി, ജാൻസി. മരുമക്കൾ : ശീമോൻ, പാസ്റ്റർ വർഗ്ഗീസ് (കുറ്റ്യാടി) ഷിബു, സോളി, എസ്തേർ, സജി, ഷാബു.

ഇ.എം. തമ്പി

ഇടുക്കി: പുഷ്പക്കണ്ടം ഇടപ്പറമ്പിൽ വീട്ടിൽ ഇ. എം തമ്പി (38) വൈദ്യുതാഘാതമേറ്റ് മരിച്ചു.

തൂക്കുപാലം ഐ.പി.സി കർമ്മേൽ സഭാ അംഗമായിരുന്നു. വീടിന് സമീപം ആടിന് തീറ്റ ശേഖരിക്കുമ്പോൾ, വെട്ടിയിട്ട കൊമ്പ് 11 കെവി ലൈനിൽ പതിച്ചാണ് അപകടം സംഭവിച്ചത്.

കൗന്തി ഐ.പി.സി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. സംസ്ക്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ ജോയ് തോമസ് നേതൃത്വം നൽകി.

ഭാര്യ : ഓമന. മക്കൾ റെന്നി, റീന, റിജോ.

മറിയ ആർ.

ആര്യനാട്: ഉറിയാക്കോട് അണക്കരക്കോണം തോട്ടരികത്തു വീട്ടിൽ പരേതനായ പാസ്റ്റർ ആർ. തങ്കേശന്റെ ഭാര്യ മറിയ ആർ (61) നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്ക്കാരം നടന്നു. പാസ്റ്റർ ജെ.എൽ.മോസസ്സിന്റെ അദ്ധ്യഷതയിൽ പാസ്റ്റർ എ.രാജൻ പ്രധാന ശുശ്രൂഷകൾ നിർവ്വഹിച്ചു.

മക്കൾ-സൂസന്ന, പാസ്റ്റർ റ്റി.എം. മേശക്ക് (എ.ജി.ഉണ്ടപ്പാറ-നെടുമങ്ങാട് സെക്ഷൻ), ഡേവിഡ് സാം. മരുമക്കൾ: ലോറൻസ്, അനില, ലിജി.



എന്താണ് സഭ ?
സഭയെ നശിപ്പിക്കാൻ ആർക്കെങ്കിലും സാധ്യമാണോ ?

സഭ എന്നത് വെറും ഒരു കെട്ടിടം എന്നാണ് പലരും മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ സഭയെകുറിച്ച് വേദപുസ്തകം പഠിപ്പിക്കുന്നത് അങ്ങനെയല്ല.

സഭ എന്നതിനു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'എക്ലേസിയ' എന്നാണ്. അതിന്റെ വാച്യാർത്ഥം 'വിളിക്കപ്പെട്ടവരുടെ കൂട്ടം' എന്നാണ്. ഇത് ഒരു കെട്ടിടത്തെ അല്ല ഒരു കൂട്ടം ആളുകളെ ആണ് കുറിക്കുന്നത്.

വിരോദാഭാസം എന്നു പറയട്ടെ ഏതു സഭയിലാണ് പങ്കെടുക്കുന്നത് എന്ന് ചോദിച്ചാൽ ആളുകൾക്ക് മനസ്സിൽ ഓടിവരുന്നത് 'സഭ' എന്ന പ്രസ്ഥാനത്തെക്കുറിച്ചാണ്. റോമ.16:5 ൽ 'അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്‌വിൻ' എന്നു പറഞ്ഞപ്പോൾ അവരുടെ വീട്ടിൽ കൂടിവരുന്ന വിശ്വാസികളെ വന്ദനം അറിയിക്കുവാനാണ് പൗലൊസ് പറഞ്ഞത്.

തലയായ ക്രിസ്തുവിന്റെ ശരീരമാണ് സഭ. എഫെ. 1:22,23 ഇങ്ങനെ പറയുന്നു. 'സർവ്വവും അവന്റെ കാൽകീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു'.

ക്രിസ്തുവിന്റെ ശരീരമായ സഭ പെന്തക്കോസ്ത് (അപ്പൊ. 2) ദിനം മുതൽ കർത്താവിന്റെ രണ്ടാം വരവു വരെയുള്ള കാലത്തെ സകല വിശ്വാസികളും ഉൾപ്പെട്ടതാണ്. ഈ ശരീരം രണ്ടു വ്യത്യസ്ത തലങ്ങളിൽ വർത്തിക്കുന്നു. 1) യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധമുള്ള സകലരും അഖിലലോക സഭയിൽ അംഗങ്ങളാണ്.

'യെഹൂദൻമാരോ, യവനരോ, ദാസൻമാരോ, സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തും ഇരിക്കുന്നു' (1 കൊരി. 12:13).

ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്ന എല്ലാവരും വിശ്വസിക്കുന്ന ആ നിമിഷത്തിൽ തന്നെ അവന്റെ ശരീരത്തിന്റെ അംഗങ്ങൾ ആവുകയും അവർ എല്ലാവരും അതിന്റെ അടയാളമായി അവന്റെ ആത്മാവിനെ പ്രാപിക്കയും ചെയ്യുന്നു. ഈ അഖില ലോക സഭയുടെ അംഗങ്ങൾ എല്ലാവരും ദൈവകൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സൗജന്യമായ രക്ഷ കരസ്തമാക്കിയവരാണ്. 2) പ്രാദേശിക സഭകളെപ്പറ്റി ഗലാ.1:12 വാക്യങ്ങളിൽ വായിക്കുന്നു.

'...അപ്പൊസ്തലനായ പൗലൊസും കൂടെയുള്ള സകല സഹോദരൻമാരും ഗലാത്യ സഭകൾക്ക് എഴുതുന്നത്' ഗലാത്യ എന്ന പ്രദേശത്ത് അനേക സ്ഥലം സഭകൾ ഉണ്ടായിരുന്നു എന്ന് ഈ വിവരണത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. നാം സാധാരണ കേൾക്കാറുള്ളതുപോലെ കത്തോലിക്ക, യാക്കോബായ, മാർത്തോമ്മ, ഐ.പി.സിയോ, ചർച്ച് ഓഫ് ഗോഡ്, ശാരോൻ ... അങ്ങനെ മറ്റേതെങ്കിലും പേരുകൾ ഉള്ള സഭകൾ അല്ല ദൈവത്തിന്റെ സഭ. അവയൊക്കെ ഓരോരോ സമുദായങ്ങളാണ്. ആ സമുദായങ്ങളിലും രക്ഷിക്കപ്പെട്ടവർ ദൈവസഭയുടെ അംഗങ്ങളാണ്. രക്ഷിക്കപ്പെട്ടവർ മാത്രം ആരാധിക്കുവാനും കൂട്ടായ്മ അനുഭവിക്കുവാനുമായി കൂടിവരുന്നതിനെ ആണ് പ്രാദേശിക സഭ അല്ലെങ്കിൽ സ്ഥലം സഭ എന്നു വിളിക്കപ്പെട്ടിരിക്കുന്നത്. രക്ഷിക്കപ്പെട്ടവർ എല്ലാവരും അഖില ലോക സഭയുടെ അംഗങ്ങളാണ്. രക്ഷിക്കപ്പെട്ട അഖില ലോക സഭയുടെ അംഗങ്ങൾ കൂട്ടായ്മയ്ക്കും ആത്മീക വളർച്ചക്കുമായി സഭകളോടു ബന്ധപ്പെട്ടു നിൽക്കേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ, സഭ ഒരു കെട്ടിടമോ ഒരു സഭാ വിഭാഗമോ (സംഘടനയോ) അല്ല. വേദപുസ്തക അടിസ്ഥാനത്തിൽ സഭ ക്രിസ്തുവിന്റെ ശരീരമാണ്.

അവർ രക്ഷയ്ക്കായി ക്രിസ്തുവിന്റെ പരമയാഗത്തിൽ മാത്രം ആശ്രയിക്കുന്നവരാണ് (യോഹ.3:16; 1 കൊരി.12:13). പ്രാദേശിക സഭകൾ സാർവലൗകിക സഭയിലെ അംഗങ്ങളുടെ കൂടിവരവുകളാണ്. സ്ഥലം സഭകൾ ആണ് 1 കൊരി.12 ൽ പറഞ്ഞിരിക്കുന്നതുപോലെ ക്രിസ്തു ശരീരത്തിന്റെ പ്രായോഗീക പ്രവർത്തന മേഖലയായിരിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും കൃപയിലും വളരുവാൻ ഇടയാകേണ്ടതിന് അന്വേന്യം പ്രോത്സാഹിപ്പിക്കുവാനും, പഠിപ്പിക്കുവാനും ,ഒരുമിച്ച് വളരുവാനും അവസരം ഉണ്ടാക്കി കൊടുക്കുന്ന ക്രിസ്തു ശരീരത്തിന്റെ പ്രാദേശീക സാക്ഷാത്കരണം ആണ് സ്ഥലം സഭകൾ. ഈ സ്ഥലം സഭകളെ ഒന്നിച്ചു ചേർത്തു ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പോഴന്മാരായ ചിലർ അതിന്റെ നേതൃത്വത്തിൽ കയറിയിരുന്ന് വരുമാനം കയ്യിട്ടുവാരി മൃഷ്ഠാനം വെട്ടിവിഴുങ്ങുന്നു. എന്നിട്ടു സംഘടനയെ 'സഭ' എന്നു വിളിക്കുന്നു. ഈ സംഘടനയിലെ അഴിമതി ചൂണ്ടിക്കാട്ടിയാൽ ഉടൻ ഈ നെറികെട്ട നേതൃത്വം പറയും 'സഭയെ നശിപ്പിക്കാൻ' നോക്കുന്നുവെന്ന്.

ആർക്കെങ്കിലും സഭയെ നശിപ്പിക്കാൻ പറ്റുമോ?

ഇല്ലേ ഇല്ല... കാരണം സഭയുടെ ഉടമ പറയുന്നു... (ക്രിസ്തു) 'ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല'. പിന്നെ പ്രസ്ഥാനം. അതു മനുഷ്യനിർമ്മിതം. അതിനെ മനുഷ്യന് തകർക്കാം.

ഐ.പി.സി. എന്നത് സഭയല്ല. അത് പ്രസ്ഥാനമാണ്. ദൈവത്തിന്റെ സഭയെ കൂട്ടിച്ചേർത്ത് ഇന്ത്യൻ നിയമപ്രകാരം ഇന്ത്യാ ഗവൺമെന്റിൽ സൊസൈറ്റി ആക്ട് പ്രകാരം ആന്ധ്രാ പ്രദേശിലെ ഏലൂരിൽ രജിസ്റ്റർ ചെയ്ത (ഈ രജിസ്ട്രേഷൻ ഇപ്പോൾ അസാധുവായി; പുതുക്കേണ്ട സമയത്തു പുതുക്കിയിട്ടില്ല. അതിന്റെ വിശദീകരണം പുറകാലെ) ഒരു സംഘടന.

മനുഷ്യൻ കെട്ടിപ്പൊക്കിയ വേലിക്കെട്ട് ആണ് ഐ പി.സി. അത് സംഘടന; സംഘടന സഭയല്ല...

സഭയും സംഘടനയും തമ്മിൽ തിരിച്ചറിയാൻ വയ്യത്ത നെറികെട്ട പോഴന്മാരായ നേതൃത്വം... അതിൽ ഐ.പി.സി. കേരളാ സ്റ്റേറ്റ് നേതൃത്വം. കള്ള സത്യവാങ്മൂലം കോടതിയിൽ നൽകുകയും, താനായി ഇറക്കിയ പ്രസ്താവന സ്വന്ത സഭയിൽ പോലും നടപ്പിലാക്കാൻ കഴിയാത്ത നെറികെട്ട ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ്.

സ്റ്റേറ്റ് സെക്രട്ടറി ആണെങ്കിൽ ക്യാനഡയിൽ നിന്നും ഒരു കള്ളനെ ഇറക്കി മകനു അടുത്ത PYPA സെക്രട്ടറി സ്ഥാനം കള്ള പ്രവചനത്തിലൂടെ ഒപ്പിച്ചെടുക്കാൻ പാടുപെടുന്നു.

വൈസ് പ്രസിഡന്റ് ഓടി നടന്നു വേദികളിൽ കള്ള പ്രവചനം നടത്തി താൻ എന്തൊക്കയോ ആകാൻ ശ്രമിക്കുന്നു...

അപ്പോൾ സഭയല്ല സംഘടന, സംഘടന അല്ല സഭ... ഈ സത്യം തിരിച്ചറിയാൻ വയ്യാത്ത നേതൃത്വത്തിൽ ഇരിക്കുന്ന പോഴന്മാരെ ഓർത്തു സഹതാപം മാത്രം ....

തോമസ് കെ.ജെ.
(റായ്പൂർ)

എല്ലാവർക്കും ലോക സുഖങ്ങൾ പൂർത്തീകരിക്കാനും കൂട്ടുകാരന്റെ കുതികാൽ വെട്ടാനും അല്ലാതെ മറ്റൊന്നിനും സമയം ഇല്ലല്ലോ. ഇനിയും സമയും അല്പം ഉണ്ട് മനസാന്തരപെട്ടു ആദ്യ പ്രവർത്തി ചെയ്യുക അല്ലാഞ്ഞാൽ മരത്തിന്റെ് ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു, ഏത് നിമിഷവും വെട്ടാൻ സാധ്യത ഉണ്ട്. ഭയത്തോട് സേവനം ചെയ്യുക. മാത്രമല്ല ഫലം കായിപ്പാൻ തിരഞ്ഞെടുത്ത കർത്താവ് ഒരു ദിവസം ഫലം തേടി വരും, അവൻ ഫലം അന്വേഷിക്കും കണ്ടെത്തുന്നില്ല എങ്കിൽ മാനസാന്തരത്തിനു ഇടനൽകാതെ അവൻ ശപിക്കും. വേരോട് ഉണങ്ങി പോകും, ഇത്രയും നാളും മറ്റുള്ളവരെ മുമ്പിൽ കാണിച്ച സകല അഹങ്കാരവും മഹത്വവും പ്രൗഡിയും നിമിഷ നേരം കൊണ്ട് ഇല്ലാതാകും.

വഴിവക്കിൽ നില്കുന്ന അത്തി

അത്തിവൃക്ഷം ബൈബിളിൽ പലഭാഗത്തും കാണുന്ന ഒരു വൃക്ഷമാണ്.

ഉല്പത്തിപ്പുസ്തകത്തിൽ ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ ആവരുടെ നഗ്നത മറക്കുവാൻ ഉപയോഗിച്ചത് ഈ വൃക്ഷത്തിന്റെ ഇലയാണ്.

യേശു തന്റെ ഉപമകളിലും ഈ വൃക്ഷത്തെ കുറിച്ചു പറഞ്ഞിട്ടുണ്ട്. യേശുവിനു വിശന്നപ്പോൾ താൻ ഫലം അന്വേഷിച്ച വൃക്ഷമാണ് ഇവിടുത്തെ പ്രതിപാദന വിഷയം. 'രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു, അടുക്കെ ചെന്നു, അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ: "ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ" എന്നു അതിനോടു പറഞ്ഞു.' മത്തായി 21:18–19.

അത്തി യിസ്രയേൽ ജനത്തെയും അവരുടെ അഭിവൃദ്ധിയെയും, ഭാവിയെയും കാണിക്കുവാൻ വേണ്ടി ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്.

അത്തി യിസ്രായേലിനെ കാണിക്കുന്നു. അത്തി കൃഷി ചെയ്യുന്നത് ഫലം ലഭിക്കുവാനാണ്. വെറുതെ ഒരു കാഴ്ച വസ്തുവായി ആരും അത്തി നടാറില്ല. സാധാരണ ആയി നോക്കിയാൽ അത്തിയിൽ ഇല ഉണ്ടാകുന്നതു അത് പൂവിടുമ്പോൾ ആണ് പൂവിട്ട് ഫലം ആകുമ്പോൾ ഇല വളരാൻ തുടങ്ങുംഇല മുത്ത് കഴിഞ്ഞാൽ ഫലം എടുക്കാറായി. ഫലം എടുപ്പ് കഴിഞ്ഞാൽ ഇല വീണ്ടും പൊഴിയും. ഇല ഉണ്ടെങ്കിൽ ഫലം ഉണ്ടെന്നു മനസ്സിലാക്കാം.

എന്നാൽ ഈ സംഭവത്തിൽ വിചിത്രമായ ഒരു അത്തിയെ കാണുവാൻ കഴിയും അതിൽ ഫലം ഇല്ല, പക്ഷെ ഫലം ഉണ്ട് എന്നു തോന്നിക്കുന്ന എല്ലാ ലക്ഷണങ്ങളും എടുത്തു കാണിക്കുന്നു.

ഇന്നത്തെ പെന്തക്കോസ്ത് സഭകളുടെ യഥാർത്ഥ സ്ഥിതിയും ഇതാണ്. ഇലകൾ നിറഞ്ഞ കേന്ദ്ര നേതൃത്വം അതിലും കൂടുതൽ ഇലയുള്ള സംസ്ഥാന നേതൃത്വങ്ങൾ. അതേപോലെയുള്ള ഡിസ്ട്രിക്ട് നേതൃത്വം. എവിടെ നോക്കിയാലും ഇല മാത്രം ഒരു ഫലവും ഇല്ലാത്ത അവസ്ഥ. മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുവാൻ കേമന്മാർ അങ്ങനെ വോട്ട് പിടിച്ചു നേതാവ് ആകുന്നു. പിന്നെ പണം സമ്പാദനം കർത്താവിന്റെയും സഭായുടെയും പേരിൽ. ഏത് കുതന്ത്രങ്ങളിൽ കൂടെ ആയാലും സ്ഥാനവും മാനം ഇതൊക്കെ നേടുക.

വചനം പറയുന്നു; നിങ്ങൾ കടലും കരയും ഓടി നടന്നു ഒരുവനെ മതത്തിൽ ചേർക്കുന്നു പിന്നെ അവനെ ഇരട്ടി നരകത്തിനു യോഗ്യനാക്കുന്നു.

ഇല മാത്രം ഫലം ഒന്നും ഇല്ല. രണ്ടാമതായി ഈ അത്തി നില്കുന്നത് വഴി വക്കിൽ ആണ്. ആരെങ്കിലും ഏത് വഴി പോയാലും ഈ അത്തി കാണും. ആരെയും ആകർഷിക്കത്തക്കവണ്ണം ഇല നിറഞ്ഞു നില്ക്കുകയാണ്. നമ്മുടെ നേതാക്കന്മാർ ഇതു പോലെയാണ് എല്ലാവരും ഞങ്ങളെ കാണണം. ആ ഇലകൾ കണ്ടിട്ട് അവരുടെ പ്രശസ്ത ലോകം എങ്ങും എത്തണം, ഇതാണ് നേതാക്കന്മാർ ആഗ്രഹിക്കുന്നത്. അടുത്തതായി വിശ്വാസികൾ പൂരിഭാഗവും ഇന്നു ഫലം ഇല്ലാതെ ഇലയുടെ പുറകെ ഓടുന്നവരാണ്. നമ്മെ വിളിച്ചത് ഫലം കൊടുക്കുവാൻ ആണ്, ഒരു വൃക്ഷത്തിൽ നിന്നും പ്രതിക്ഷിക്കുന്നത് ഫലം ആണ്. കർത്താവ് തന്റെ ശിഷ്യൻമാരോട് പറഞ്ഞത് : 'നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല: ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിന്നും നിങ്ങളെ നിയമിച്ചിരിക്കുന്നു' തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം ഇവിടെ കർത്താവ് വ്യക്തമായി പറയുന്നു.

എന്നാൽ ഇന്ന് ലോകത്തിന്റെ പുറകെ പോയതുകൊണ്ട് നമ്മുടെ വിളിയും തിരഞ്ഞെടുപ്പും നേതാക്കന്മാരും പല വിശ്വാസികളും മറന്നുപോയി. നാം വചനത്തിൽ കാണുന്നത് ലോക സ്നേഹം ദൈവത്തോട് ശത്രുത്വം എന്നാണു, ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇവ ലോകത്തിൽ നിന്നാണ് ദൈവത്തിൽ നിന്നല്ല.

എന്നാൽ ഇന്നത്തെ ഭക്തന്മാർ ഈ മൂന്നു വിഷയത്തിലും കുടുങ്ങി രക്ഷപെടുവാൻ കഴിയാതെ ഉള്ള അവസ്ഥയിൽ ആണ്. അവർക്ക് പുതിയത് ഒന്നും പറയാനില്ല പണ്ടത്തേതും പഴയതു പറഞ്ഞു സഹജീവികളുടെ സഹതാപം പിടിച്ചുപറ്റി പണം സമ്പാദിക്കുന്ന ജാലവിദ്യ പലരും കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മനസാന്തരപ്പെടുന്നതും ഇല്ല. കൊമ്പിനു മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയുകയില്ല.

എന്നാൽ ഇന്നു മുന്തിരിവള്ളിയോട് ചേർന്നിരിപ്പാൻ ആരും സമയും കണ്ടെത്തുന്നില്ല മറിച്ച് പണത്തിനും പ്രശസ്തിക്കും വേണ്ടി ഓടുകയാണ്. അതിനാൽ ഫലം ഇല്ല ഇല മാത്രം. എല്ലാവർക്കും ലോക സുഖങ്ങൾ പൂർത്തീകരിക്കാനും കൂട്ടുകാരന്റെ കുതികാൽ വെട്ടാനും അല്ലാതെ മറ്റൊന്നിനും സമയം ഇല്ലല്ലോ. ഇനിയും സമയും അല്പം ഉണ്ട് മനസാന്തരപെട്ടു ആദ്യ പ്രവർത്തി ചെയ്യുക അല്ലാഞ്ഞാൽ മരത്തിന്റെ് ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു, ഏത് നിമിഷവും വെട്ടാൻ സാധ്യത ഉണ്ട്. ഭയത്തോട് സേവനം ചെയ്യുക. മാത്രമല്ല ഫലം കായിപ്പാൻ തിരഞ്ഞെടുത്ത കർത്താവ് ഒരു ദിവസം ഫലം തേടി വരും, അവൻ ഫലം അന്വഷിക്കും കണ്ടെത്തുന്നില്ല എങ്കിൽ മാനസാന്തരത്തിനു ഇടനൽകാതെ അവൻ ശപിക്കും. വേരോട് ഉണങ്ങി പോകും, ഇത്രയും നാളും മറ്റുള്ളവരെ മുമ്പിൽ കാണിച്ച സകല അഹങ്കാരവും മഹത്വവും പ്രൗഡിയും നിമിഷ നേരം കൊണ്ട് ഇല്ലാതാകും.

ആകയാൽ ഭയത്തോടു സേവ ചെയ്യാം നമ്മുടെ കർത്താവ് ദഹിപ്പിക്കുന്ന അഗ്നി ആല്ലോ !

ആരോ തന്നെ തെറ്റിദ്ധരിപ്പിച്ചു എന്നാണ് സജിപോളിന്റെ വാദം. അപ്പോൾ താൻ കേൾക്കുന്നത് എന്തും ഐപിസി ട്രഷറർക്ക് വിളിച്ചു പറയാമോ? വായിൽ വരുന്നത് വിളിച്ചു പറഞ്ഞിട്ട് ഞാൻ ഉറക്കത്തിൽ ആയിരുന്നു. അതുകൊണ്ട് എന്താ പറഞ്ഞതെന്നു ഓർമ്മയില്ല. പിന്നെ പറഞ്ഞുപോയതിനു ക്ഷമാപണം. ക്ഷമചോദിച്ചു കുറുപ്പെഴുത്ത്..

സജി പോളും വിവാദങ്ങളും...

ഇക്കഴിഞ്ഞ കുറച്ചു നാളുകളായി ഐപിസി ട്രഷറാർ സജിപോൾ എം.പിഎഫ്.ടി. എന്ന ഗ്രൂപ്പുമായി ചേർന്ന് പലരെയും ക്രൂശിക്കാനും ഒപ്പം നീതികരിക്കാനും ബദ്ധപ്പെടുന്നതായി സോഷ്യൽ മീഡിയയിൽ കുറച്ചു പേർക്ക് എങ്കിലും അറിയാം എന്നിരിക്കെ ഇപ്പോൾ സംഭവിച്ച ഒരു വിഷയത്തെ എടുത്തു കാണിക്കേണ്ടതുണ്ട്.

ഒരു പ്രസ്ഥാനത്തിന്റെ ഔദോഗിക ചുമതലയിൽ ഇരിക്കുന്നവർ പ്രതികരണങ്ങൾ നടത്തുമ്പോഴും വല്ലവരും ഫോൺ വിളിക്കുമ്പോഴും സുബോധമില്ലാതെ മറുപടികൊടുക്കുന്നതിലൂടെ നഷ്ടമാകുന്നത് ആ വ്യക്തി പ്രധിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ നിലയും വിലയുമാണ് .ഇനി പ്രസ്തുത വിഷയത്തിലേക്കു കടക്കാം.

ഐപിസി സീനിയർ ശുശ്രൂഷകനും മുൻ കേരള സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന പാസ്റ്റർ ഫിലിപ്പ് പിക്കും കുടുംബത്തിനും, അദ്ദേഹത്തിന്റെ ശുശ്രൂഷക്കും എതിരെയാണ് എം.പി.എഫ്.ടി. എന്ന സോഷ്യൽ മീഡിയയുടെ നാടകീയ ഫോൺ വിളിയിൽ സജി പോൾ എന്ന ട്രഷറർക്ക് അബദ്ധം പിണഞ്ഞു എന്ന് അറിയുന്നത്. ഇത്തരം നാടകങ്ങൾക്ക് കൂട്ട് നിൽക്കുന്ന എല്ലാവർക്കും ഉള്ള മുന്നറിയിപ്പുകൂടിയാണ് ഇത്.

പാസ്റ്റർ ഫിലിപ്പ് പിയുടെ പ്രസ്താവന ചുവടെ ചേർക്കുന്നു.

എന്നെയും എന്റെ മക്കളെയും അപകീർത്തിപ്പെടുത്തിക്കൊണ്ട് ബ്രദർ. സജി പോൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധിച്ചു. അതിൽ പറഞ്ഞിരിക്കുന്നതു പോലെ ഞാൻ കൗൺസിലിൽ ഇരുന്ന് യാതൊന്നും റിക്കാർഡു ചെയ്യുകയോ മെസ്സേജ് അയക്കുകയോ ചെയ്തിട്ടില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അദ്ദേഹം തെളിയിക്കട്ടെ. എന്റെ പരാതി ഞാൻ പാസ്റ്റർ കെ. സി. ജോണിനെ അറിയിച്ചു.അദ്ദേഹം സജി പോളുമായി സംസാരിച്ചിട്ടു എന്നെ തിരിച്ചു വിളിച്ചു. സജി പോളിനെ ആരോ തെറ്റിദ്ധരിപ്പിച്ചതാണെന്നും സംഭവത്തിൽ ഖേദിക്കുന്നതായും സജി പോൾ പറഞ്ഞതായും അദ്ദേഹം എന്നോടു പറഞ്ഞു. സജിയുടെ അനുവാദമില്ലാതെ ആരോ സംഭാഷണം മുഖപുസ്തകത്തിൽ ഇട്ടതാണെന്നും പറഞ്ഞു. എന്റെ ശുശ്രൂഷ, പ്രായം, മക്കളെ വളർത്തിയ രീതി ഇതിനൊന്നും ഞാൻ അദ്ദേഹത്തോടു മറുപടി പറയുന്നില്ല. എന്നെ ശുശൂഷക്ക് വിളിച്ചത് അദ്ദേഹമല്ലല്ലോ ?

കൗൺസിൽ കാര്യങ്ങൾ പുറത്ത് കൊടുക്കുന്നയാളിനെ ഇപ്പോൾ മനസ്സിലായല്ലോ ? അദ്ദേഹം അപവാദം പ്രചരിപ്പിച്ചിട്ടു ഖേദപ്രകടനം നടത്തേണ്ടത് എവിടെയെന്ന്,ആരോടെന്ന് ഒക്കെ അദ്ദേഹം തന്നെ തീരുമാനിക്കട്ടെ. എന്നെ ഈ അവസരത്തിൽ വിളിച്ചു ആശ്വസിപ്പിക്കയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടും നന്ദി പറയുന്നു.



സഹോദരൻ
ഫിലിപ്പ് പി. തോമസ്

മുകളിൽ എഴുതിയിരിക്കുന്നതു കേവലം ഒരു വ്യക്തിയുടെ അനുഭവം ആണ്. എന്നാൽ പടയാളിയുടെ അറിവിൽ ഈ പ്രസ്ഥാനത്തിലെ അഴിമതികളെകുറിച്ചോ തെറ്റായ പ്രവണതകളെക്കുറിച്ചോ ചോദ്യം ചെയ്യുന്ന ഏതൊരു വ്യക്തികളെയും എം.പി. എഫ്.ടി. എന്ന ഗ്രൂപ്പിനെ കൂട്ടുപിടിച്ചു സജിപോൾ അപവാദത്തിന്റെ തീക്കാറ്റ് അഴിച്ചു വിട്ടത് പലരും ഇതിനു മുൻപ് പറഞ്ഞു കേട്ടിട്ടുണ്ട്.

ഐപിസി എന്ന പ്രസ്ഥാനത്തിൽ ഒരു സീനിയർ ശുശ്രൂഷകനെക്കുറിച്ചു തന്റെ വാക്കുകൾ എ.ജി.യിലെ ലാലു വർഗ്ഗീസിനോട് പറയാൻ മാത്രം സജിപോൾ അധ:പതിച്ചതിൽ ലജ്ജിക്കുന്നു.

ഐപിസിക്ക് പ്രശ്നം പരിഹരിക്കാൻ അറിയില്ലയോ ? ഇത്രയും അധഃപതിച്ച ഒരു സംസ്കാരം കാണിക്കുന്ന സോഷ്യൽ മീഡിയ ഗ്രൂപ്പ് ഇനി വേറെ കാണും എന്ന് വിശ്വസിക്കാൻ കഴിയുകയില്ല.

ഇതിനു മുൻപ് മറ്റൊരു ദൈവദാസനും കുടുംബത്തിനും എതിരായി ഇദ്ദേഹം പറഞ്ഞിരുന്നതായി കേൾക്കാനും ഇടയായി. ഔദ്യോഗിക പദവിയിൽ ഇരിക്കുന്നവർ ഉത്തരവാദിത്വത്തോടെ വിഷയങ്ങളെ കാണാൻ കഴിയാതെ വന്നാൽ തലതാഴ്ത്തേണ്ടി വരുന്നത് പ്രസ്ഥാനത്തിനു തന്നെയാണ് എന്ന് ഈ വിഷയം പഠിപ്പിക്കുന്നു.

സജിപോൾ മാത്രമല്ല മറ്റു പലരും ഐപിസി എന്നപ്രസ്ഥനത്തിന്റെ നിലമറന്നു ഇത്തരം തരംതാണ പ്രവർത്തികൾക്ക് കൂട്ടുനിൽക്കുന്നു. അന്യോന്യം നശിപ്പിക്കാൻ ഉള്ള പ്രവണതയാണ് ഇതിനു പിന്നിൽ എന്നത് വ്യക്തം.

ആരോ തന്നെ തെറ്റിദ്ധരിപ്പിച്ചു എന്നാണ് സജി പോളിന്റെ വാദം. അപ്പോൾ താൻ കേൾക്കുന്നത് എന്തും ഐപിസി ട്രഷറർക്ക് വിളിച്ചു പറയാമോ? വായിൽ വരുന്നത് വിളിച്ചു പറഞ്ഞിട്ട് ഞാൻ ഉറക്കത്തിൽ ആയിരുന്നു. അതുകൊണ്ട് എന്താ പറഞ്ഞതെന്നു ഓർമ്മയില്ല. പിന്നെ പറഞ്ഞുപോയതിനു ക്ഷമാപണം. ക്ഷമചോദിച്ചു കുറുപ്പെഴുത്ത്...

ഇതൊക്കെ വെറും താണ നിലവാരം ആയിപ്പോയി ബ്രദർ. സജിപോൾ. താങ്കളിൽ നിന്നും ഇത്തരം നിലവാരം കുറഞ്ഞ പ്രവർത്തികൾ ഐപിസിക്കാർ ആഗ്രഹിക്കുന്നില്ല.

ഒരു മഹാ പ്രസ്ഥാനത്തിന്റെ ജനറൽ ട്രഷറാർ ആണ് താങ്കൾ എന്ന നില മറന്നു പോകരുത്. അതിന്റെ സ്റ്റാന്റേർഡ് എങ്കിലും താങ്കളുടെ വാക്കിലും പ്രവർത്തിയിലും കാണിക്കു. ഇതിനു ഉത്തരം അദ്ദേഹം തന്നേ കണ്ടെത്തട്ടെ. ഏതു വിധേനയും ഐപിസി നന്നായാൽ നന്ന്

പുത്തൻ പദ്ധതികളുമായി പത്തനംതിട്ട ജില്ലാ പി.വൈ.സി

പത്തനംതിട്ട: ക്രിസ്തീയ സഭയുടെ തുടക്കം മുതൽ പീഡനങ്ങൾ ഉണ്ടായിരുന്നെന്നും ലോകമെങ്ങും സുവിശേഷം പടരാൻ അത് നിമിത്തമായെന്നും പി.വൈ.സി.ജനറൽ സെക്രട്ടറി ബ്ലസ്സിൻ ജോൺ മലയിൽ കോഴഞ്ചേരിയിൽ പ്രസ്താവിച്ചു.

പെന്തക്കോസ്ത് യൂത്ത് കൗൺസിലിന്റെ പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ നേതൃത്യത്തിൽ ഇന്ന് നടന്ന ക്രിസ്തീയ പീഡിതർക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

പി.വൈ.സി. ജില്ലാ പ്രസിഡണ്ട് പാ. മോൻസി ജോർജ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പി. വൈ.സി.ജനറൽ പ്രസിഡണ്ട് പാ. ലിജോ കെ ജോസഫ് ദൈവ വചനത്തിൽ നിന്നും ആധികാരികമായി സംസാരിച്ചു. പീഡനത്തിൽ സഭ തളരുകയല്ല വളരുകയാണെന്ന് അദ്ദേഹം ഉത്ബോധിപ്പിച്ചു.

വടക്കേന്ത്യയിലും ആന്ധ്രാപ്രദേശ് പോലെയുള്ള സംസ്ഥാനങ്ങളിലും സഭ ത്വരിത ഗതിയിലാണ് വളരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രാർത്ഥനസമ്മേളനത്തിന് സംസ്ഥാന കമ്മിറ്റിയംഗം റോണി പോത്തൻ, സോണൽ ഭാരവാഹികളായ ഡോ. പീറ്റർ ജോയി, ടോം ജോർജ്, ജില്ലാ ഭാരവാഹികളായ ഫിന്നി മല്ലപ്പള്ളി, മനോജ് കെ.വി. അനിൽ മണ്ണിൽ, പാ. സ്റ്റാലിൻ തുടങ്ങിയവർ നേതൃത്വം നൽകി.

തുടർന്ന് കാരുണ്യ ഭവനിലെ കുട്ടികൾക്കൊപ്പം സ്നേഹവിരുന്നിലും കമ്മിറ്റിയംഗങ്ങൾ പങ്കെടുത്തു.

ജില്ലയിലെ പ്രമുഖ സർക്കാർ ആശുപത്രിയിൽ തൊട്ടടുത്ത ദിനങ്ങളിലൊന്നിൽ കഴിയുന്നത്ര ആഹാരം എത്തിക്കുന്നതും മൂല്യാധിഷ്ഠിതമാ പരിപാടികൾ തെരുവുകളിൽ അവതരിപ്പിച്ച് സമൂഹത്തെ ബോധവത്കരിക്കുന്നതുമാണ് പത്തനംതിട്ട ജില്ലാ പി. വൈ.സി കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അടുത്ത പദ്ധതികളെന്ന് ഭാരവാഹികൾ സമ്മേളത്തിൽ അറിയിച്ചു

കരയുന്നവരുടെ കണ്ണീരൊപ്പാൻ 'യുവജന മുന്നേറ്റത്തിന്റെ' ഒരു ചുവടുവെയ്പ്പ്

ഓഖി ദുരന്തം കണ്ണീർവീഴ്ത്തിയ തീരം അജി കല്ലുങ്കലിന്റെ നേതൃത്വത്തിൽ യുവജന മുന്നേറ്റത്തിലെ അംഗങ്ങൾ സന്ദർശിച്ചു.. ദുരന്തത്തിൽ തകർന്ന അൻപതു കുടുംബങ്ങളെ സഹായിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു..

സഭാ വാർത്തകളിൽ പ്രസിദ്ധികരിച്ച 'തീര ദേശത്തെ കണ്ണീരിനു പെന്തക്കോസ്തു ലോകം പുറം തിരിഞ്ഞു നിന്നതു' പ്രമേയമാക്കിയുള്ള ലേഖനം ആണ് ഇന്ന് ഞങ്ങളെ അവിടേക്കു നയിച്ചത്.

വലിയ തുറയിലെയും പുല്ലുവിളയിലെയും ക്യാമ്പുകൾ സന്ദർശിച്ചപ്പോൾ ആണ് ഓഖി സൃഷ്ടിച്ച ദുരന്തത്തിന്റെ ഭയാനകത ഞങ്ങൾക്ക് മനസിലായത്..

പല പെന്തക്കോസ്തു കുടുബപങ്ങളിലും അവരുടെ പ്രിയപ്പെട്ടവർ വീട്ടിലെത്തിയിട്ടില്ല.. ശ്മശാന മൂകമാണ് കടൽത്തീരം..

സുവിശേഷകരായ അജു അലക്സ്, ഷിബിൻ ശാമുവേൽ, ബെറിൽ തോമസ്, സാബു ആര്യപ്പള്ളി, കലേഷ് സോമൻ, പോൾ രഞ്ജിത്ത് എന്നിവർ അടങ്ങുന്ന ടീമാണ് ദുരന്ത ബാധിത സ്ഥലങ്ങൾ സന്ദർശിച്ചത്.

അടുത്ത ദിവസം വൈകിട്ട് ഏഴു മണിക്ക് പുല്ലുവിള ഐപിസി സഭയിൽ വെച്ച് അൻപതു കുടുബങ്ങൾക്കുള്ള സഹായം കൈമാറും..

അവരോടൊപ്പം സമയം ചെലവഴിക്കാനും ആശ്വസിപ്പിക്കാനും അവർക്കു വേണ്ടി പ്രാർത്ഥിക്കാനും കഴിഞ്ഞത് വേറിട്ട ഒരനുഭവമായി..

ഞങ്ങളോടൊപ്പം ഈ പ്രവർത്തനങ്ങളിൽ സഹായ ഹസ്തം നീട്ടിയ വിദേശത്തും സ്വദേശത്തുമുള്ള എല്ലാ സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി. സർവേശ്വരൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ..

പ്രകൃതി ദുരന്തത്തിൽ തകർന്ന ജീവിതങ്ങളെ കർത്താവു പണിതെടുക്കട്ടെ, ദൈവം തന്നെ അവരുടെ മുറിവുണക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു..

ഈ വാക്കുകൾ നിങ്ങൾക്കു പ്രചോദനമായെങ്കിൽ ഞങ്ങൾ നിങ്ങൾക്കൊപ്പം ഉണ്ട്..

ഒരുമിച്ചു നല്ല പ്രവർത്തികൾക്കായി കൈകോർക്കാം..

സാമുദായിക സഭകൾ നവീകരണത്തിലേക്ക് കടന്നു വരുമ്പോൾ നവീകരണ സഭകളെന്നറിയപ്പെടുന്ന പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ പാരമ്പര്യത്തിലേയ്ക്ക് കരണം മറിയുന്നു. ഇതേറ്റവും ദുഃഖകരമാണ്. വൈരുദ്ധ്യാത്മകമാണ്....! വിരോധാഭാസമാണ് ....!

പാസ്റ്റർ സജി പീച്ചി

കുരിശും കുപ്പായവും ക്രിക്കറ്റും ബാറ്റും പെന്തക്കോസ്തിന് അനിവാര്യമോ?

ഇന്നത്തെ പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ ഏറെ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പുറത്തുനിന്നുള്ള വെല്ലുവിളികളാണ് ഒരു കാലത്ത് പെന്തക്കോസ്തിന് ഭീഷണിയുയർത്തിയിരുന്നതെങ്കിൽ, ആന്തരിക അസ്വസ്ഥതകളാണ് ഇന്ന് ആത്മീയ മണ്ഡലം അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളി. സാമുദായികാചാര്യന്മാരും മതസാമൂഹിക ശക്തികളും പെന്തക്കോസ്തു പ്രസ്ഥാനത്തെ വേരോടെ പിഴുതെറിഞ്ഞ് നാമാവശേഷമാക്കുവാൻ അഹോരാത്രം അധ്വാനിച്ചിട്ടുണ്ട്. എന്നാലിന്നും പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ അജയ്യമായിനിലനില്ക്കുന്നു. പരസ്പര വിശ്വാസവും, പ്രാർത്ഥന ജീവിതവും, ജീവിത വിശുദ്ധിയും ദൈവീക പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപദേശ സംഹിതകളും കൊണ്ട് പരിപുഷ്ടമാണ് പെന്തക്കോസ്തു മണ്ഡലം.

നിന്ദയും അപമാനവും പട്ടിണിയും ദാരിദ്രവും പരിഹാസവും ഏറ്റ് വിശ്വാസത്തിന് വേണ്ടി ഇറങ്ങിത്തിരിച്ച പൂർവ്വീകരുടെ പിൻഗാമികളെ ദൈവം പിന്നത്തേതിൽ മാനിച്ച് അനുഗ്രഹിച്ച് ഭക്ഷണവും വസ്ത്രവും ജീവനോപാധികളും, ആഡംബര വാഹനങ്ങളും നൽകിയപ്പോൾ ദാതാവിനെ മറന്ന് ദാനത്തിൽ ഊറ്റം കൊണ്ടതാണ് ഇന്നത്തെ സഭയുടെ ദുരവസ്ഥയ്ക്ക് കാരണമായിത്തീർന്നത്.

ആധുനിക തലമുറയ്ക്ക് യാതൊരു വിലയും നൽകേണ്ടി വന്നില്ല. ജനിച്ച് വീണതുതന്നെ സമ്പന്നതയുടെ മാറിലേക്കാണ്.

പാർക്കാൻ ശീതീകരിച്ച മണിമന്ദിരങ്ങൾ...! ആരാധിപ്പാൻ സ്വപ്നതുല്യമായ ആരാധനാലയങ്ങൾ....

അണിഞ്ഞൊരുങ്ങുവാൻ വേണ്ടത്ര വസ്ത്രങ്ങൾ ....!

ഇഷ്ടഭക്ഷണം കഴിപ്പാൻ സമ്പത്തിക സ്രോതസ്സുകൾ, യാത്രചെയ്യാൻ ആഡംബര വാഹനങ്ങൾ....! പോക്കറ്റ് നിറയെപണം...! വിവിധ ബാങ്കുകളുടെ എ.ടി.എം. കാർഡുകൾ ....!

നൂതന സാങ്കേതിക വിദ്യയുള്ള മൊബൈൽ ഫോണുകൾ ....!

അടിച്ചുപൊളിക്കാൻ സുഹൃത്വലയങ്ങൾ ....!

പിന്നെന്തിനാണ് ഈ ആത്മീയതയുടെ പരിവേഷം? ഭൗതീകതയിൽ സംതൃപ്തി വേണ്ടുവോളം....!

അങ്ങനെയുള്ളവർക്ക് ആത്മീയത വിഷയമല്ല. ഭൗതീകതയിൽ ദൃഷ്ടി വച്ചിരിക്കുന്നവർക്ക് ആത്മീയ ദൃഷ്ടി പ്രകാശിക്കില്ല. പകരം ആത്മീയതയിൽ ഭൗതീകത ചാലിച്ച് ആളുകളിക്കാനും പേരുണ്ടാക്കാനുമാണിവരുടെ ശ്രമം ....

അതിനേതറ്റം വരെയും അവർ പോകും. എത്ര വേണമെങ്കിലും പണം വാരിയെറിയും. അതിലവർ ആനന്ദം കണ്ടെത്തുകയും ഒരു പരിധി വരെ വിജയിക്കയും ചെയ്യും ....

കുസ്തന്തീനോസ് ചക്രവർത്തിയെപ്പോലെ മനം മാറാതെ മതം മാറുന്നവർ...

ചടങ്ങിനു വേണ്ടി ആരാധനാലയങ്ങളിൽ വന്ന് പോകുന്നവർ ....

വചനാധിഷ്ഠിതമായ കാഴ്ചപ്പാടോ പ്രവൃത്തികളോ ആരാധനയോ ഇല്ലാത്തവർ ....

ബാഹ്യ വെല്ലുവിളിയേക്കാൾ ആപത്താണ് ഈ ആന്തരിക വെല്ലുവിളി. അർബ്ബുദ വ്യാധിപോലെ പടർന്ന് സഭയെ ഉന്മൂലനം ചെയ്യുന്നതാണിത്. പാളയത്തിൽ പടപോലെഅകത്തു നിന്നുളവാകുന്ന ഈ അപചയങ്ങൾ പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ ശോഭയ്ക്ക് മങ്ങലേൽപ്പിക്കുന്നു.

ആദിമ വിശുദ്ധന്മാർ അക്ഷം പാലിച്ച പലതിനോടും അടുപ്പം പുലർത്തുകയും മടിയിലെടുത്ത് താലോലിക്കുകയും ചെയ്യുന്ന ഒരു പുത്തൻ സംസ്ക്കാരം പെന്തക്കോസ്തിൽ രൂപപ്പെട്ടു തുടങ്ങിയിട്ടുണ്ട്. വിട പറഞ്ഞതിനെ രണ്ടു കയ്യുംനീട്ടി സ്വീകരിക്കുകയും സഭ നിഷ്ക്കർഷിച്ചതിനോട് ചങ്ങാത്തം പുലർത്തുകയും ചെയ്യുന്ന ഒരു നവീന സംസ്ക്കാരം ....

ലോകമയത്വത്തിലേയ്ക്ക് സഭ കൂപ്പുകുത്തുന്നുവെന്നതിന്റെ പരോക്ഷമായ സൂചനകളാണിതെല്ലാം. ഇതിൽ ഭയാശങ്കകൾ ഭക്തന്മാരുടെ ഹൃത്തിൽ ഇല്ലാതെയില്ല ഒരു കാലത്ത് സത്യാധിഷ്ഠിത മൂല്യസംഹിതകൾക്ക് വേണ്ടി വീറോടെയിറങ്ങിത്തിരിച്ചവർ. പള്ളിയോടും പട്ടക്കാരോടും ആചാരാനുഷ്ഠനങ്ങളോടും ഗുഡ്ബൈ പറഞ്ഞവരുടെ അനന്തിരവർ.പട്ടത്വ സഭകളുമായി ചങ്ങാത്തം കൂടി കൈകോർക്കുന്നു.

സഭകൾ തമ്മിൽ കാലാനുസൃതമായ ഐക്യത അനിവാര്യം തന്നെ. പക്ഷെ പട്ടത്വ സഭകളുടെ പലചരക്കുകളും ഇറക്കുമതി ചെയ്യപ്പെടുന്ന വിപണിയാക്കി പെന്തക്കോസ്തു പ്രസ്ഥാനത്തിന് തനതായ വ്യക്തിത്വമുണ്ട്. മാർഗ്ഗരേഖകളുണ്ട്. നിയമ സംഹിതകളുണ്ട്. സർവ്വോപരി വചനാധിഷ്ഠിതമായ, സത്യാധിഷ്ഠിതമായ പ്രമാണങ്ങളുണ്ട്. അത് പട്ടത്വ സഭകളുടെ പാദത്തിൽ അടിയറവ് വെയ്ക്കരുത്. അതിന്റെ നവീകരിച്ച പതിപ്പാണ് ഇപ്പോഴത്തെ പെന്തക്കോസ്തുകാരുടെയിടയിലെ "കുപ്പായ ഭ്രമം" ....

ബിഷപ്പകാനുള്ള അഭിനിവേശം....

പൗരോഹിത്യ വസ്ത്രമണിയാനുള്ള വ്യാമോഹം ...

സാമുദായിക സഭകൾ നവീകരണത്തിലേക്ക് കടന്നു വരുമ്പോൾ നവീകരണ സഭകളെന്നറിയപ്പെടുന്ന പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ പാരമ്പര്യത്തിലേയ്ക്ക് കരണം മറിയുന്നു. ഇതേറ്റവും ദുഃഖകരമാണ്. വൈരുദ്ധ്യാത്മകമാണ്....! വിരോധാഭാസമാണ് ....!

പെന്തക്കോസ്തരുടെ സ്നാനമാണ് ശരിയെന്ന് വരെ സമുദായസ്ഥർ പറഞ്ഞു വച്ചിരിക്കുമ്പോഴാണ് പെന്തക്കോസ്തുകാർ പൗരോഹിത്യ വസ്ത്രമണിയാനുള്ള വ്യഗ്രതയിൽ ഈ നെട്ടോട്ടമോടുന്നത് ....!

പൗരോഹിത്യക്കുപ്പായം ചിലരൊക്കെ വാങ്ങി അണിഞ്ഞാസ്വദിച്ചു. മറ്റുചിലർ (തയ്പിച്ച്) തുന്നി പെട്ടിക്കകത്ത് പൂട്ടിക്കെട്ടി വച്ചിരിക്കുന്നു. അർത്ഥാൽ സാമുദായികാചാരാനുഷ്ഠനങ്ങളെ പിൻതാങ്ങി 'ഓശാന' പാടാനും പെന്തക്കോസ്തിലെ ചില വില്ലന്മാർ എഴുന്നേറ്റു തുടങ്ങി.

ഇനിയുള്ള കാലം കുപ്പായമിട്ടവരെ മാത്രമേ മദ്ബഹയിൽ പ്രവേശിപ്പിക്കൂ. എന്ന നിഗമനത്തിലേയ്ക്ക് പെന്തക്കോസ്തു പ്രവരന്മാർ എത്തിക്കഴിഞ്ഞു.പെന്തക്കോസ്ത് വേദികളിലും ചനലുകളിലും സഭകളിലും ഘോരഘോരം പ്രസംഗിച്ച് കൃപാവര ശുശ്രൂഷകൾ വരെ ചെയ്ത വക്താക്കളാണ് ഈ യജ്ഞത്തിന് മുതിർന്നതെന്നാണ് ഏറെ ചിന്തനീയം ....

അന്നവർക്ക് നിലനിൽപിന്നാധരം പെന്തക്കോസ്തു വേദികളും ചാനലുകളുമായിരുന്നു. സാധാരണക്കാരായ വിശ്വാസികളുടെ കാണിക്കപ്പെട്ടിയിലെ പണമാണ് അവരെ വളർത്തിയതെന്ന സത്യം അവർ സ്വമേധയാ മറന്നുകളയുന്നു. വിട്ടുപോന്നതിനെ കെട്ടിപ്പുണരുകയും അവരുടെ മുന്നിൽ മുട്ടുകുത്തുകയും ചെയ്യുന്ന സാക്ഷാൽ ബിലയാമുമാർ.... !

ഇനിയൽപ്പം കായികവിനോദം

കായിക രംഗം യുവജനങ്ങൾക്കെന്നും ഹരമുളവാക്കുന്നതാണ്. ഫുട്ബോളും, ക്രിക്കറ്റും, ടെന്നീസും വോളിബോളുമെല്ലാം യുവാക്കളിൽ ആവേശം പകരുന്ന കായിക വിനോദങ്ങളാണ് ....

പ്രവർത്തന ക്ഷമതയുള്ള രക്തമാണ് യുവാക്കളുടെ സിരകളിലൂടെ പ്രവഹിക്കുന്നത്. തന്നിമിത്തം രാഷ്ട്രീയ പാർട്ടികൾ പോലും യുവാക്കളെ കേന്ദ്രീകരിച്ചാണ് പ്രവർത്തന പദ്ധതികളാവിഷ്ക്കരിക്കുന്നത്. കായിക ക്ഷമതയുടെ കാര്യത്തിലും ഓരോ രാജ്യത്തിനു പോലും യുവാക്കളെ കേന്ദ്രീകരിച്ചുള്ള വിനോദങ്ങളുണ്ട്. കായിക ലോകം യുവക്കൽ സംപുഷ്ടമായിരിക്കുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.

പെന്തക്കോസ്തു പ്രസ്ഥനങ്ങൾക്കും യുവജന സംഘടനകളുണ്ട്. യൗവന രക്തം യേശുവിനായ്' എന്ന ഉദ്ദേശത്തോടെ കര്യക്ഷമതയോടെ പ്രവർത്തിക്കുന്ന യുവജന സംഘടനകളാണ് അവയിൽ മിക്കതും ക്രൈസ്റ്റ് അംബാസിഡേഴ്സ് (CA), ക്രൈസ്തവ സുവിശേഷ മുന്നേറ്റം (CEM), പെന്തക്കോസ്തു യുവജന സംഘടന (PYPA), ഇന്റർ കൊളീജിയേറ്റ് പ്രയർ ഫെലോഷിപ്പ് (ICPF)തുടങ്ങി പരശതം യുവജന പ്രസ്ഥാനങ്ങൾ കര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. എന്നാൽ ഇവയിൽ ചില യുജന സംഘടനകൾ കർത്തവ്യബോധത്തിൽ നിന്നും വ്യതിചലിച്ച് സഞ്ചരിക്കുന്നുണ്ടോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

സ്കൂൾ, കോളേജ് തലങ്ങളിൽ കായിക രംഗം ഏറെ സജീവമാണ്. യുവജന സംഘടനകൾ പ്രവർത്തിക്കേണ്ടത് ആത്മീയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് വിശ്വാസത്തിലും പ്രാർത്ഥനയിലും സുവിശേഷ പ്രചരണാർത്ഥം വീറോടെ പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണ് നമ്മുടെ യുവജന പ്രസ്ഥനങ്ങൾ....! നേതൃത്വ സ്ഥാനത്ത് വിരാജിക്കുന്ന യുവ നേതാക്കന്മാർ അണികളിൽ കായികക്ഷമത വളർത്താൻ മുന്നിട്ടിറങ്ങിയിരിക്കുന്നു....

ബൈബിളും ട്രാക്റ്റും (സുവിശേഷപ്രതികൾ) ചുമക്കേണ്ട കൈകൾ ക്രിക്കറ്റ് ബോളിലും ബാറ്റിലും അമരുമ്പോൾ നഷ്ടപ്പെടുന്നത് യുവജനങ്ങളുടെ സുവിശേഷ ഭാവിയാണ്. കായിക മൽസരങ്ങൾ നടക്കേണ്ടത് ആത്മീക സംഘടനകളുടെ ബാനറിലല്ല.

പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ നേതൃത്വ സ്ഥാനങ്ങളിൽ വിഹരിക്കുന്നവർ ഇതിന് മൗനാനുമതി നൽകുന്നത് ഏറെ അപലപനീയമാണ്. അവരുടെ അറിവോടും സമ്മതത്തോടുമാണ് ഈ അന്തർ നാടകങ്ങൾ അരങ്ങേറുന്നതെങ്കിൽ തികച്ചും ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

നെൽപ്പാട വരമ്പിലിരിക്കുന്ന കൊക്കിനേപ്പോലെ പലതും കാണുമ്പോൾ കണ്ണിറുക്കിയടച്ചിരുന്നാൽ ഉണ്ടാകുന്ന പരിണിതഫലം ഏറെ പരിതാപകരമായിരിക്കും. വരും നാളുകൾ നമ്മുടെ കൺവെൻഷൻ മൈതാനങ്ങൾ ആത്മീയാരാധനയ്ക്ക് പകരം ക്രിക്കറ്റ് മൽസരങ്ങളുടെ വേദിയാകില്ലെന്ന് ആർക്കാണ് പറയാനാവുക.?

ജയമോൾ രാജു



പ്രാർത്ഥന പ്രഹസനമോ..?

പണ്ടുകാലം മുതൽ സകല മനുഷ്യരും അറിഞ്ഞോ അറിയാതെയോ തങ്ങളെ ഭരിക്കുന്ന ഒരു ശക്തി ഉണ്ടെന്നും ആ ശക്തിയെ ഈശ്വരൻ എന്ന് വിളിച്ചുകൊണ്ട് തങ്ങളുടെ സങ്കടങ്ങളും ആവശ്യങ്ങളും അങ്ങനെ എല്ലാം തന്നെ ആ അദൃശ്യ ശക്തിയെ ബോധിപ്പിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു. എല്ലാ മതങ്ങളും ഇതിനു പറഞ്ഞിരിക്കുന്ന പേരാണ് പ്രാർത്ഥന. മനുഷ്യനെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് പ്രാർത്ഥന. നാം കണ്ടിട്ടില്ലാത്ത ആ അദൃശ്യ ദൈവത്തെ ഈശ്വരൻ, അള്ളാഹു, പരബ്രഹ്മം, കർത്താവ്, യഹോവ, ഇങ്ങനെ അനവധി പേര് പറഞ്ഞു ആത്മാർത്ഥമായി വിളിക്കുന്ന ഒരു ലോകജനതയാണ് നമുക്ക് മുൻപിലുള്ളത്. എന്നാൽ പ്രാർത്ഥനയിലോ ഈശ്വരനിലോ വിശ്വാസം ഇല്ലാത്ത ഒരു സമൂഹം ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല.

എന്നാൽ ഒരു ക്രിസ്തുഭക്തനെ സംബന്ധിച്ചിടത്തോളം വചനവും പ്രാർത്ഥനയും ഒരേ അളവുകളിൽ മുമ്പോട്ട് കൊണ്ട് പോകേണ്ടതാണ്. പുതിയനിയമം പഠിച്ചാൽ യേശുവിന്റെ കൂടെ നടന്ന ശിഷ്യന്മാർ ആവശ്യപ്പെടുന്നത് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത വിദ്യ പഠിപ്പിക്കണമേ എന്നല്ല. മറിച്ച് പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ എന്നാണ്.

"നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ" (മത്തായി:6:9) എന്ന് പറഞ്ഞ് യേശു പ്രാർത്ഥനയുടെ ഒരു ഉത്തമ മാതൃക നൽകുകയും ചെയ്യുന്നു.

പ്രാർത്ഥനയുടെ ഉത്തമ ഉദാഹരണം യേശു തന്നെയാണ്. വലിയ ദൗത്യങ്ങൾക്കും ശുശ്രൂഷകൾക്കും മുൻപും പിൻപും എല്ലാം പിതാവിനോടൊപ്പം പ്രാർത്ഥനയിൽ ചില വഴിക്കുന്നത് നമുക്ക് ദർശിക്കാൻ സാധിക്കുന്നു. ശിഷ്യന്മാരും, അപ്പോസ്തലന്മാരും ഒരു പരിധി വരെ അത് നിറവേറ്റുന്നതും കാണാൻ സാധിക്കും.

എന്നാൽ ആധുനിക തലമുറയിലേക്ക് നാം കണ്ണോടിച്ചാൽ പ്രാർത്ഥന കേവലം വാക്കിൽ മാത്രമായില്ലേ? വ്യക്തികൾ, സഭകൾ, പ്രയർ ഗ്രൂപ്പുകൾ, എന്ന് വേണ്ട ഏതു മേഖലകളിലേക്കും ശ്രദ്ധയോടെ വീക്ഷിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന ഒരു നഗ്ന സത്യമുണ്ട്. 'പ്രാർത്ഥിച്ചോളാം' എന്ന് പറയുന്നത് ഒരു പ്രൊഫഷണൽ വാക്കായി മാറിക്കഴിഞ്ഞിരിക്കുന്നു. ആദിമസഭകളിലേ മാതാപിതാക്കന്മാർ സഹവിശ്വാസികളോട് കാണിച്ച ആത്മാർത്ഥമായ പ്രാർത്ഥനയുടെ അനുഭവവും ആത്മാവിന്റെ ഫലത്തിൽ നിറഞ്ഞ ജീവിത ശൈലികളും അന്യം നിന്നുപോയില്ലേ? എന്തും ചെയ്യാനും, എന്തും പറയാനുമുള്ള കപടഭക്തിയുടെ മുഖമൂടിയായി പ്രാർത്ഥന മാറിയില്ലേ? നാം നമ്മോട് തന്നെ ഒന്ന് ആത്മാർഥമായി ചോദിച്ചു നോക്കിയാൽ നമ്മിലുള്ള പ്രാർത്ഥനയുടെ ആത്മാർത്ഥത മനസിലാക്കാൻ സാധിക്കും.

നാം ദിനംപ്രതി കണ്ടുമുട്ടുന്ന അനേകം വേദന അനുഭവിക്കുന്നവർ, കഷ്ടതയുടെ തീച്ചൂളയിൽ കൂടി കടന്നു പോകുന്നവർ, വലിയ പ്രതികൂലത്തിന്റെ നടുവിൽ ആയിരിക്കുന്നവർ, ആവശ്യഭാരത്താൽ വലയുന്നവർ, അശരണർ, ആരും ശ്രദ്ധ കൊടുക്കാതെ ജീവിതത്തിൽ നിരാശയിൽ മുങ്ങി താഴുന്നവർ, മാരക രോഗത്താൽ വലഞ്ഞ് ആശയറ്റവർ, എല്ലാം ഉണ്ട് എന്ന് ആശ്വസിക്കുമ്പോഴും സമാധാനമില്ലാത്തവർ എന്നിങ്ങനെ അനേകർ എനിക്ക് വേണ്ടി പ്രാർത്ഥിക്കണമേ... എന്റെ കുടുംബത്തിനുവേണ്ടി, എന്റെ മക്കൾക്ക് വേണ്ടി, സൗഖ്യത്തിനായി, ആശ്വാസത്തിനായി പ്രാർത്ഥിക്കണമേ എന്ന് സഭയോടും വ്യക്തികളോടും, കുടുംബങ്ങളോടും ആവശ്യപ്പെടുന്ന അല്ലയാചിക്കുന്ന അനുഭവം നാം കാണുന്നവരാണ്. എന്നാൽ ആ സമയം ഒന്ന് പ്രാർത്ഥിച്ചു വിടുന്നു.

പിന്നത്തേതിൽ ആ വ്യക്തിയെയോ കുടുംബങ്ങളെയോ നാം അറിയാതെ തന്നെ മറന്നു പോകുന്നു. അല്ലെങ്കിൽ സ്ഥിരം ശൈലിയായ എല്ലാറ്റിനായി സ്തോത്രം എന്ന് പറഞ്ഞ് രക്ഷപ്പെടുന്നു. ഈ പ്രാർത്ഥനയിൽ എത്ര ആത്മാർത്ഥത വെളിപ്പെട്ടു. സഹോദരങ്ങളുടെ വേദനകൾ നമ്മുടെ വേദനയായി എറ്റെടുത്തു എന്നു പറയാൻ കഴിയുമോ? സാവധാനം ചിന്തിച്ചാൽ നമ്മുടെ പൊള്ളയായ പ്രാർത്ഥന ജീവിതം ഗ്രഹിക്കാൻ കഴിയും.

കാണുന്നവരോടും കേൾക്കുന്നവരോടും എല്ലാം 'ശരി പ്രാർത്ഥിച്ചോളാം' എന്ന് ഭംഗി വാക്ക് പറയുന്നത് നല്ലതോ? അത് നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല എങ്കിൽ നാം മടങ്ങി വരണം. പ്രാർത്ഥനാലയങ്ങളിലും പൊതുവേദികളായ കൺവൻഷനുകൾ, വിവാഹശുശ്രൂഷകൾ, ശവസംസ്കാര ശുശ്രൂഷകൾ ഇങ്ങനെ അവസരം ലഭിക്കുന്ന മാനുഷിക ശ്രദ്ധ കിട്ടുന്ന സ്ഥാനങ്ങളിൽ പ്രാർത്ഥനയെന്ന പേരിൽ നാം കാട്ടിക്കൂട്ടുന്ന വാചക കസർത്തുകൾ ശരിക്കും ദൈവത്തോട് പ്രാർത്ഥിക്കുകയാണോ?

എന്നാൽ ആരും കാണാതെയും ആരുടേയും ശ്രദ്ധ ആകർഷിക്കാതെയും മറഞ്ഞിരുന്ന് ദൈവസന്നിധിയിൽ ആത്മാർത്ഥമായി കണ്ണുനീരൊഴുക്കുന്ന ഒരു പറ്റം ഭക്തരുടെ കൂട്ടത്തെ ഒരിക്കലും വിസ്മരിക്കുന്നില്ല എന്ന് എടുത്തുപറയട്ടെ. അത് കേവലം ചുരുക്കമത്രേ. എന്നാൽ യേശു പഠിപ്പിച്ച പ്രാർത്ഥന ഒന്നാമത് ദൈവത്തിനു മഹത്വം കൊടുക്കാം, നമ്മുടെ കുറവുകളെ ഏറ്റുപറയാം. അടുത്തത് 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ' (മത്തായി:6:12) അന്യോന്യം ക്ഷമയുടെ ഒരു വലിയ ഗുണപാഠം യേശു പഠിപ്പിക്കുന്നില്ലേ? നമ്മുടെ പ്രാർത്ഥന ജീവിതത്തിൽ യഥാർത്ഥമായി അത് സംഭവിക്കുന്നുണ്ടോ? നമ്മുടെ മനസ്സ് ചിലത് മറക്കാൻ, മനഃപൂർവ്വമായി വിട്ടുകളയാൻ, സ്വന്തം സഹോദരങ്ങളോട്, ജീവിത പങ്കാളിയോട്, മാതാപിതാക്കളോട്, കൂട്ടുവിശ്വാസികളോട് തെറ്റ് പറ്റി പോയി ക്ഷമിക്കണമേ എന്ന ഒരു വാക്ക് പറഞ്ഞ് ക്രമീകരിക്കുവാൻ തയ്യാറായിട്ടുണ്ടോ? പലപ്പോഴും മറ്റുള്ളവർ നമ്മളോട് ക്ഷമിക്കണം. നാം വിട്ടുകളയാത്ത കയ്പ് മനസ്സിൽ കൊണ്ടുനടക്കുന്നവരായി തീരുന്നില്ലേ? പ്രിയമുള്ളവരേ, നമ്മുടെ പ്രാർത്ഥന വ്യർത്ഥമാണ്.

ആയതിനാൽ നമ്മുടെ കപടഭക്തിയും പ്രഹസനമായി തീർന്ന പ്രാർത്ഥനാ അനുഭവവും എല്ലാം വിട്ടുകളഞ്ഞിട്ട് യേശുനാഥൻ പഠിപ്പിച്ച പ്രാർത്ഥന ജീവിതത്തിലേക്കും ആത്മാർത്ഥതയിലേക്കും മടങ്ങി വരാം.

'അതെ, നമ്മുടെ വാക്കുകൾ ഉവ്വ് ഉവ്വെന്നായിരിക്കട്ടെ.' പ്രാർത്ഥന ആദായസൂത്രമല്ല മറിച്ച് ദൈവത്തോടുള്ള നിർമലബന്ധത്തിന്റെ അടയാളമായി തീരട്ടെ.

2017
DECEMBER

PADAYALI NEWS

www.padayali.com Email: padayalinews@gmail.com Facebook: www.facebook.com/padayalinews

തികച്ചും അനുഗ്രഹീത പ്രഭാഷകയും സുവിശേഷികയും അമ്മയും ഭാര്യയുമായിരുന്ന പെൺസിഹത്തിന്റെ ഗർജ്ജനം ആണ് നിലച്ചത്. ദീർഘ നാളുകൾ താൻ ക്ഷീണാവസ്ഥയിൽ ആയിരുന്നു. തന്നെ ഏൽപ്പിച്ചത് വിശ്വസ്തതയോടെ വ്യാപാരം ചെയ്ത കർത്തൃദാസിക്ക് പ്രണാമം.

വേദികൾ കീഴടക്കിയ അപൂർവ്വ വ്യക്തിത്വം; മേരി കോവൂർ

കേരളത്തിലെ തിരുവല്ലയിൽ നിന്നും പ്രസംഗവേദി കീഴടക്കിയ ഒരു പെൺസിഹം ഉണ്ടായിരുന്നത് മേരി കോവൂർ ആയിരുന്നു. അവർ ജനിച്ചതും വളർന്നതും നമ്മുടെ കൊച്ചു കേരളത്തിൽ

വളരെ ആദരവോടും, ഭയത്തോടും കൂടിയാണ് ആദ്യകാലങ്ങളിൽ മേരികോവൂരിനെ സമൂഹം കണ്ടത്. പ്രസംഗവേദിയിലെ തീപ്പൊരിയെന്നു സമൂഹം അവരെ വിളിച്ചു പോന്നു. പതിനാലാം വയസ്സിൽ പകരക്കാരിയായിട്ടാണ് 1946 ൽ പ്രസംഗപീഠത്തിൽ ആദ്യമായി നിന്നതു. (തന്റെ പിതാവിന്റെ സഹോദരിയുടെ പ്രസംഗത്തിന് അവർക്ക് പോകാൻ കഴിയാതിരിക്കെ പകരം പോവുകയുണ്ടായി). യോഗത്തിനു ശേഷം അഭിനന്ദനങ്ങളുടെ പ്രവാഹം ആയിരുന്നു. അതോടെ ശുശ്രൂഷയുടെ മറ്റൊരു പാത തുറക്കുകയായിരുന്നു

ശുശ്രൂഷയുടെ ആദ്യ നാളുകൾ സി.എസ്.ഐ. സഭയുടെ കൂടെയായതിനാൽ നല്ല പ്രോത്സാഹനം ലഭിച്ചിരുന്നു. എന്നാൽ പെന്തെക്കോസ്തിലേക്കുള്ള മാറ്റം പല വിവാദങ്ങൾക്കും ഇടയാക്കി. പെണ്ണ് പ്രസംഗിക്കുന്നതിൽ അസഹിഷ്ണാലുക്കളായവർ ഉണ്ടായിരുന്നു. എന്നാൽ സർവ്വവും ദൈവം നന്നായി ചെയ്തു.

മാവേലിക്കര തുണ്ടക്കൽ ടി.ടി. മത്തായിയുടെയും മേരിയമ്മയുടെയും ഇളയ മകളായി ജനിച്ചു (1932). സി.എസ്.ഐ. സഭയുടെ പാരമ്പര്യവും അധ്യാപന രംഗത്തെ മൂല്യവും പിന്തുടർന്ന കുടുംബത്തിൽ ആയിരുന്നു മേരി കോവൂരിന്റെ ജനനം. പഠനം യൗവ്വനം വലിയ വഴിതിത്തിരിവുണ്ടാക്കിയത് തൃശൂരിലെ ജീവിത കാലത്താണ്. ബഥേൽ ആശ്രമത്തിലെ ബന്ധം ക്രിസ്തു മാർഗ്ഗത്തിലേക്കുള്ള ആക്കം കൂട്ടുകയുണ്ടായി. എന്നാൽ പഠനത്തിന് ശേഷം നങ്ങ്യാർകുളങ്ങരയിലെ ജോലിയുമായി ബന്ധപ്പെട്ടു ബഥനി ബാലികമഠത്തിൽ ആയിരിക്കുന്ന സമയത്താണ് ദൈവത്തിന്റെ ശക്തമായ നിയോഗം തിരിച്ചറിയുന്നത്. അങ്ങനെ ജോലി വിടുകയുണ്ടായി.

കൊലയാറിൽ നിന്നും ബി.റ്റി.എച്ച്. എടുക്കുകയുണ്ടായി. അങ്ങനെ വേദ പഠനം തന്നെ കർത്താവിന്റെ കല്പനയുടെ പ്രാധാന്യം ബോധ്യമാക്കി തുടർന്ന് 1958 പത്തിച്ചിറ യോനാച്ചന്റെ കീഴിൽ സ്നാനം ഏറ്റു. ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിൽ അയക്കാൻ ഇരുന്ന മേരിയെ ഇതോടെ ബിഷപ്പ് ആ ഉദ്യമത്തിൽ നിന്നും മാറ്റുകയുണ്ടായി. എന്നാൽ ഉപരിപഠനത്തേക്കാൾ വലുത് കർത്താവിന്റെ കല്പനയാണ് എന്ന് തീരുമാനിക്കുകയായിരുന്നു.

സിസ്റ്റർ മേരി കുരുവിള എന്ന വാവച്ചന്റെ സഹധർമ്മിണിയായി കാവുംഭാഗത്തു 1960 ൽ എത്തുകയുണ്ടായി. അങ്ങനെ കോവൂർ കുടുംബത്തിലേക്ക് പറിച്ചുനട്ടു. പിന്നങ്ങോട്ട് മേരിയുടെ ശുശ്രഷക്കു താങ്ങും തണലും ആയി പാസ്റ്റർ കുരുവിള ഉണ്ടായിരുന്നു. എങ്കിലും അവർ പലപ്പോഴും ഭയത്തോടെ പറയുമായിരുന്നു വാവച്ചൻ തന്നോടൊപ്പം ഇല്ലായിരുന്നു എങ്കിൽ തന്നെ ജനം സംശയത്തിന്റെ നിഴലിൽ കാണുമായിരുന്നു. നമ്മുടെ സമൂഹം ഇപ്പോഴും സ്ത്രീകളെ അറിയാനും അംഗീകരിക്കാനും വൈകുന്നു. പലപ്പോഴും സ്ത്രീകളെ അംഗീകരിക്കാൻ മടിക്കുന്നതിനാൽ അതിന്റെ സമ്മർദ്ദം താനും അനുഭവിച്ചതായി ചില എഴുത്തുകാർ എഴുതിയിട്ടുണ്ട്.

കൊട്ടയത്തെ പി.എം ഫിലിപ്പ് സാറിന്റെ ബൈബിൾ സ്കൂളിൽ നടന്ന സെമിനാർ തന്റെ ജീവിതം മാറ്റിമറിക്കുകയുണ്ടായി എന്ന് താൻ കൊടുത്ത പല ഇന്റർവ്യൂകളിലും പറയുന്നുണ്ട്. പുരുഷമേൽക്കോയ്മ നിലനിന്ന കേരളക്കരയിൽ മാറ്റത്തിന്റെ പ്രഭാഷക ശബ്ദമായി താൻ മാറിയത് ദൈവത്തിന്റെ അപൂർവ്വകരം കൊണ്ടായിരുന്നു. ഒരുപോലെ ശുശ്രൂഷയിലും കുടുംബത്തെ നയിപ്പാനും സ്നേഹിക്കാനും പാകം ചെയ്യാനും താൻ സദാ സന്നദ്ധയായിരുന്നു. എപ്പോഴും ദൈവനാമത്തിനു വേണ്ടി നിലനിൽക്കാൻ വളരെ കഷ്ടതകളും പ്രതികൂലങ്ങളും നേരിട്ടിട്ടുണ്ട് എന്നാൽ ഒരിക്കലും പരാതി പറയാതെ നില നിന്നു. മലയാളി പെന്തക്കോസ്തു സമൂഹത്തിൽ ഇത്രയും ഉയർന്നു കേട്ട മറ്റൊരു സ്ത്രീ ശബദം ഉണ്ടായിട്ടില്ല. പെന്തക്കോസ്ത് സമൂഹത്തിൽ മാത്രമല്ല കേരളക്കരയിലെ ജനസമൂഹത്തിന്റെ മനസിൽ ഇടം നേടിയ അപൂർവ്വ വ്യക്തികളിൽ ഒരാളായിരുന്നു മേരി കോവൂർ.

തന്റെ ഭവനത്തിൽ കൂടി വന്ന സഭയിൽ കർത്താവു അത്ഭുതങ്ങളാലും അടയാളങ്ങളാലും അനേകരെ ക്രിസ്തുവിലേക്കു നയിക്കാൻ ഇടയായി. ഭൂതങ്ങൾ അലറിയോടിയതും രോഗികൾ സൗഖ്യമാകുന്നതും സ്ഥിരം കാഴ്ചയായിരുന്നു. തന്റെ പ്രിയപ്പെട്ടവന്റെ താങ്ങും തണലും ആയിരുന്നു ശുശ്രൂഷയുടെ കരുത്ത് എന്ന് പലപ്പോഴും പറയുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം തനിക്കു താങ്ങാവുന്നതിലും അധികം ആയിരുന്നു.

തന്റെ ജീവിതത്തെ തളർത്തിയതു 1999 ൽ ആയിരുന്നു പെട്ടെന്നുണ്ടായ തലച്ചോറിലെ രക്ത പ്രവാഹം നിലച്ചതിനെ തുടർന്ന് ശരീരത്തിൽ ഒരു ഭാഗം തളരാൻ ഇടയായി. ചലന ശേഷി തിരികെ കിട്ടില്ല എന്ന് ലോകം വിധി എഴുതി എന്നാൽ ദൈവം അത്ഭുതകരമായി തന്നെ എഴുന്നേൽപ്പിച്ചു ശേഷിച്ച ശുശ്രൂഷ ചെയ്യിച്ചു.

മകൻ അറിയപ്പെട്ട സുവിശേഷകനും ന്യൂറോ സർജ്ജനും ആണ്. മകൾ സാറ അമേരിക്കയിലും. ഇന്ത്യയിൽ മാത്രമല്ല പലയിടങ്ങളിലും കർത്താവിന്റെ സാക്ഷിയായി താൻ നിലകൊണ്ടു. തന്റെ പല ഇന്റർവ്യൂകളിലും താൻ നേരിട്ട ചോദ്യം സ്ത്രീശബ്ദം വേദപുസ്തകം അംഗീകരിക്കുന്നുവോ എന്നതായിരുന്നു. എന്നാൽ ശക്തമായ വചന തെളിവോടെയായിരുന്നു സിസ്റ്റർ മേരിയുടെ മറുപടികൾ. ചടുലവും അർത്ഥ സമ്പുഷ്ടവും ചേർന്ന വാക്ചാതുര്യം അവർക്കു ദൈവം കൊടുത്തിരുന്നു. തന്റെ അനുഭവങ്ങൾ പലരും പല പുസ്തകങ്ങളിലും ഇന്റർവ്യൂകളിലും പറയുന്നുണ്ട്.

ഒരു ചെറിയ നാണയം കളഞ്ഞു കിട്ടിയത് തിരികെ ആസ്ഥാനത്തു കൊണ്ടുപോയി ഇട്ടതുപോലും സത്യസന്ധതയുടെ വലിയ വിലയെ വരച്ചുകാട്ടുന്നു. പഠനത്തിലും ജോലിയിലും ഒരേപോലെ മികവ് കാട്ടിയ മേരി കോവൂർ ദൈവ വേലയിലും അതേ ശുഷ്കാന്തി കാണിച്ചിരുന്നു. വളരെ യാഥാസ്ഥിതിക കുടുംബക്കാരായിരുന്ന കോവൂർ കുടുംബത്തിൽ നിന്നും മേരി കോവൂരിന്റെ പ്രിയപ്പെട്ടവൻ ആണ് ആദ്യം ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്നത്. ദീർഘ നാളുകൾ ഇവർ ദൈവവേലയിൽ ആയിരിക്കാൻ ഇടയായി.

തികച്ചും അനുഗ്രഹീത പ്രഭാഷകയും സുവിശേഷികയും അമ്മയും ഭാര്യയുമായിരുന്ന പെൺസിഹത്തിന്റെ ഗർജ്ജനം ആണ് നിലച്ചത്. ദീർഘ നാളുകൾ താൻ ക്ഷീണാവസ്ഥയിൽ ആയിരുന്നു. തന്നെ ഏൽപ്പിച്ചത് വിശ്വസ്തതയോടെ വ്യാപാരം ചെയ്ത കർത്തൃദാസിക്ക് പ്രണാമം .

പറഞ്ഞു തീരാത്ത അനുഭങ്ങളും പരിചയവും അവർക്കു സ്ത്രീകൾക്കായി പങ്കുവെക്കാൻ ഉണ്ടായിരുന്നു. ജീവിതപാതയിൽ പ്രഭാഷകരാകാൻ ഇച്ഛിക്കുന്ന സ്ത്രീകൾക്ക് പലപ്പോഴും നിർദ്ദേശങ്ങൾ നൽകുമ്പോൾ അത് ഭയത്തോടെ നിർവഹിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. നല്ലതായി വചനം പഠിച്ചും പ്രിപ്പേർ ചെയ്തും മാത്രമേ പോകാവൂ എന്നും പറയാറുണ്ട്. കർത്താവു വൻ കാര്യങ്ങളെ ശുശ്രൂഷയിൽ ചെയ്യും എന്നത് തർക്കമില്ല, അപ്പോൾ തന്നെ ഉറപ്പും, ആശങ്ങളിൽ കലർപ്പില്ലാതെ വാക്ചാതുര്യത്തോടെ പറയാൻ കഴിയണം എങ്കിൽ അതിനു ഒരുക്കം ആവശ്യമാണ് എന്ന് അപലപ്പോഴും പറയാറുണ്ട്.

പരിശുദ്ധാത്മാവ് ശക്തമായി നമ്മെ ഉപയോഗിക്കുമ്പോൾ തന്നെ നമ്മുടെ ഭാഗം നാം ചെയ്തിരിക്കണം എന്നും സഹോദരിമാരോട് പറയാറുണ്ട്. ഏതു കഷ്ടതയും തീച്ചൂളയും ഒരിക്കലും ശുശ്രൂഷകളിൽ തളർച്ച ഉണ്ടാക്കരുത് എന്ന് എടുത്തു പറഞ്ഞു പ്രബോധിപ്പിക്കാറുണ്ട്. അപ്പോൾ തന്നെ സ്ത്രീകൾ കുടുംബ കാര്യങ്ങളും ശ്രദ്ധയോടെ കാണണം എന്നും സ്നേഹമുള്ള ആ സിംഹം ഉപദേശിക്കാറുണ്ട്.

നിങ്ങളുടെ ബഡ്ജററിൽ
ഒരു സ്വപ്ന ഭവനം

Kripa for Sincierty
KRIPA
Constructions
Pathanapuram
kripaconstruction@yahoo.com

Engineers & Builders
0475 235678, 9961029783

Managing Director:
Joji Joseph Kripa